
# കുറിച്ചി ഗ്രാമപഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി
## 2022 - 2027
## വാർഷികപദ്ധതി 2024 - 25

**അന്തിമ പദ്ധതിരേഖ**



## ആമുഖം

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷത്തിലേക്ക് നാം കടക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ നിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വലിയൊരു മാറ്റമാണ് കുറിച്ചി നിവാസികൾ ആഗ്രഹിക്കുന്നത്. പതിനാലാം പഞ്ചവത്സരപദ്ധതിയിലൂടെ കുറിച്ചി നിവാസികളുടെ ജീവിതശൈലിയും ജീവിതരീതിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഭരണസമിതി ലക്ഷ്യമിടുന്നത്. നഗരവത്ക്കരണത്തിന്റെ ദൂഷ്യങ്ങൾക്കെതിരെ ജാഗരൂകരായിക്കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ സർവ്വോന്മുഖ വികസനം നമുക്ക് നേടിയെടുക്കേണ്ടതുണ്ട്. ഗ്രാമസഭകളിലെ സാന്നിധ്യം, ജനപ്രതിനിധികളുമായുള്ള ബന്ധം നാടിന്റെ സമഗ്രപുരോഗതിയിലുള്ള നിരന്തര ശ്രമം എന്നിവ ഏവർക്കും ഉണ്ടായാൽ നമ്മുടെ ലക്ഷ്യങ്ങളുടെ പൂർണ്ണതയിലേക്കെത്താൻ നമുക്ക് സാധിക്കും.

കേരളത്തിൽ അധികാരത്തിലിരിക്കുന്ന സർക്കാർ പാവപ്പെട്ടവരും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായ ജനതയ്ക്കുവേണ്ടി ബദൽ വികസന പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സാമൂഹിക സുരക്ഷാരംഗത്ത് നടപ്പാക്കുന്ന എല്ലാ കാര്യങ്ങളും ഇതിനുവേണ്ടിയുള്ളതാണ്. ഭൂമിയില്ലാത്തവനെ അതിന്റെ ഉടമസ്ഥരായി മാറ്റിയ 1957 ലെ ഗവൺമെന്റിന്റെ തുടർച്ചയായി തല ചായ്ക്കാനൊരിടവും പട്ടിണി രഹിതമായ ഒരു സമൂഹവും ജീവിതത്തിന്റെ അവസാന നാളുകളിൽ ധനസഹായവും എല്ലാവർക്കും ആധുനിക വിദ്യാഭ്യാസത്തിന്റെ അവസരവും സൗജന്യമായ നൂതന ചികിത്സാ ലഭ്യതയും എല്ലാം ഒരുക്കുന്നത് അവർക്കുവേണ്ടിയുള്ള മുൻഗണനകളാണ്. അതോടൊപ്പം നവകേരള നിർമ്മിതിക്കായുള്ള അടിസ്ഥാന സൗകര്യ വികസനവും വൈജ്ഞാനിക സമൂഹത്തിനായുള്ള തയ്യാറെടുപ്പുകളും തൊഴിലിനായി തുറക്കുന്ന അനന്ത സാധ്യതകളും എല്ലാവരേയും പരിഗണിക്കുന്നതിന്റെ സൂചനകളാണ് . ഇതിനോട് ചേർന്നുനിന്നുകൊണ്ടുവേണം നമ്മുടെ കുറിച്ചിയിലും വികസന മുന്നേറ്റത്തിനും പ്രശ്ന പരിഹാരത്തിനും ശ്രമിക്കേണ്ടത്. ഭരണസമിതിയെ സംബന്ധിച്ചിടത്തോളം ഈ ദിശയിലുള്ള സുദീർഘമായ സമീപനങ്ങളാണ് എടുത്തിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ പ്രധാന 4 മിഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടെ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. 350 ഹെക്ടറോളം കൃഷിചെയ്യുന്ന ഒരു കാർഷിക ഗ്രാമമാണ് കുറിച്ചി. ജലജീവൻ മിഷൻ കുറിച്ചി ഗ്രാമപഞ്ചായത്തിൽ അതിന്റെ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ 4 മിഷനുകളിൽ ഒന്നായ ലൈഫ് ഭവനപദ്ധതിയിലൂടെ 212 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ലൈഫ് പദ്ധതിയിൽ അധികമായി അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളതിനാൽ ഈ മേഖലയിൽ കൂടുതൽ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. പരമാവധി വിഭവ സ്രോതസ്സ് കണ്ടെത്തി ലൈഫ് ഗുണഭോക്താക്കൾക്ക് സുരക്ഷിതമായി താമസിക്കാൻ ഒരു വീട് എന്ന ലക്ഷ്യം പഞ്ചായത്ത് കൈവരിക്കുക തന്നെ ചെയ്യുമെന്ന് ഭരണസമിതി ഉറപ്പുതരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുറിച്ചി ഗ്രാമപഞ്ചായത്തിലെ യു.പി. തലം വരെയുള്ള എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസുകൾ സജ്ജീകരിക്കുവാൻ നമുക്ക്

കഴിഞ്ഞിട്ടുണ്ട്. എന്നാൽ പുതിയ ഭരണസമിതി ലക്ഷ്യം വയ്ക്കുന്നത് എല്ലാ ക്ലാസ് മുറികളിലും സ്മാർട്ട് ക്ലാസുകൾ ആരംഭിക്കുക എന്നതാണ്. കൂടാതെ സ്കൂളുകൾ ബേബി ഫ്രണ്ട്‌ലി ആക്കുന്നതിനായി പല പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. ആയതിലേക്ക് ബേബി ഫ്രണ്ട്‌ലി ഫർണിച്ചറുകൾ, ബേബി ഫ്രണ്ട്‌ലി പെയിന്റിംഗുകൾ എന്നിവ നമ്മൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ കുറിച്ചിയിലെ അംഗൻവാടികൾ മാതൃകാ അംഗൻവാടികൾ ആക്കുന്നതിനുള്ള നടപടികൾ നമുക്ക് സ്വീകരിക്കേണ്ടതുണ്ട്. 2024-25 വാർഷികപദ്ധതിയിൽ അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നല്ല പ്രോജക്ടുകൾ നടപ്പിലാക്കുമെന്നും ഭരണസമിതി ഉറപ്പുനൽകുന്നു.

പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിൽ കൂടുതൽ തുക വകയിരുത്തുന്നത് ഉല്പാദന മേഖലയ്ക്കാണ്. 390 ഹെക്ടറോളം ഭൂമി നമ്മൾ പരമ്പരാഗതമായി കൃഷി ചെയ്ത് വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ തരിശ് നിലം കൃഷിയിലുൾപ്പെടുത്തി നങ്ങ്യാകിരി പാടശേഖരത്തിൽ 10 ഹെക്ടറോളം ഭൂമിയും, കരിമ്പം പാടശേഖരത്തിന്റെ 13 ഹെക്ടർ നിലവും കൃഷിയോഗ്യമാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ വരുംവർഷങ്ങളിൽ വനിതകളുടെ നേതൃത്വത്തിൽ പാടശേഖര സമിതിക്ക് രൂപം കൊടുക്കുന്നതിനും, വനിതകൾക്ക് വരുമാനമാർഗ്ഗ ഉണ്ടാകത്തക്ക വിധത്തിൽ നെൽകൃഷി നടത്തുന്നതിനും പഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ട്. ഇളങ്കാവ്-ചാലടി തരിശ് പാടശേഖരം 14 ഹെക്ടർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ഈ പാടശേഖരം കൂടി കൃഷിയോഗ്യമാക്കിയതിനാൽ കുറിച്ചി ഗ്രാമപഞ്ചായത്ത് തരിശ് രഹിത പാടശേഖരമുള്ള പഞ്ചായത്തായി മാറി. നെൽകൃഷി വികസനത്തിനായി വരുംവർഷത്തിൽ കൂടുതൽ തുക വകയിരുത്തുന്നതിനും ശ്രമിക്കുന്നതാണ്.

ഹരിതകേരള മിഷന്റെ ഭാഗമായി രൂപീകരിച്ച ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി പഞ്ചായത്തിലെ ചാലച്ചിറയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂടുതൽ സംഭരണശേഷിയുള്ള എം.സി.എഫ്. നമുക്ക് നിർമ്മിക്കേണ്ടതുണ്ട്. ആയതിലേക്ക് സ്ഥലം കണ്ടെത്തേണ്ടത് പഞ്ചായത്തിനെ സംബന്ധിച്ച് വെല്ലുവിളിയാണ്. ആയതിനാൽ 2023-24 പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള എം.സി.എഫിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലേക്ക് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം കഴിഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്. ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വാർഡിലും ഓരോ മിനി എം.സി.എഫുകൾ നമ്മൾ സ്ഥാപിച്ചിട്ടുണ്ട്. മണ്ണ്, ജലം, അന്തരീക്ഷം എന്നിവ എന്നും വൃത്തിയോടെയും ശുചിത്വത്തോടെയും നിലനിർത്തുന്നതിന് മാലിന്യസംസ്കരണത്തിന് ഗ്രാമപഞ്ചായത്ത് നൽകുന്ന പിന്തുണയ്ക്ക് യൂസർ ഫീ നൽകി മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിൽ പങ്കാളിയാകുവാൻ ഗ്രാമവാസികളോട് ഭരണസമിതി അഭ്യർത്ഥിക്കുന്നു.

ഭിന്നശേഷി കുട്ടികൾക്കായി ബഡ്സ് സ്കൂൾ എന്ന ആശയം പഞ്ചായത്ത് ഗൗരവമായി തന്നെ കാണുകയും, ആയത് സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കുന്നതുമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താരതമ്യേന കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിക്കാർക്കായുള്ള ഫണ്ടിന്റെ വിനിയോഗം പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള പരിശ്രമം പഞ്ചായത്ത് ഭരണസമിതിയിൽ നിന്നുണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു.

വിശപ്പ്രഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജനകീയ ഹോട്ടൽ കുറിച്ചി പഞ്ചായത്തിൽ മികച്ച രീതിയിൽ നടന്നുവരുന്നു. വഴിയിട വിശ്രമകേന്ദ്രം പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുള്ളതാണ്.

ആധുനിക രീതിയിൽ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം ലഭിക്കുന്നവിധത്തിൽ പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യ വികസനം ഭരണസമിതി ലക്ഷ്യമാക്കുന്നുണ്ട്. കൂടാതെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ വളർന്നുവരുന്ന തലമുറയ്ക്ക് കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലില്ലാത്തത് മനസ്സിലാക്കുകയും ആയതിന്റെ പൂർത്തീകരണത്തിനായി ടർഫ് സ്റ്റേഡിയം എന്ന ആശയം മുന്നോട്ട് വയ്ക്കുകയും, സംസ്ഥാന സർക്കാരിന്റെയും, ബഹു. ചങ്ങനാശേരി എം.എൽ.എ.യുടെയും സഹായത്തോടെ 10600000/-രൂപ ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുള്ളതും നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. ബഹു. സംസ്ഥാന സർക്കാരിന്റെ 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുറിച്ചി ഔട്ട്പോസ്റ്റിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

പഞ്ചായത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് തനതു വരുമാനം വർദ്ധിക്കേണ്ടതുണ്ട്. 2022-23 സാമ്പത്തികവർഷം 100 ശതമാനം നികുതി പിരിച്ചിട്ടുള്ളതും, കൂടാതെ ലൈസൻസ് ഫീ ഇനത്തിൽ 100 ശതമാനം പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. വാടക, തൊഴിൽ നികുതി ഇനത്തിലുള്ള വരുമാനങ്ങളും നമുക്ക് ഏകദേശം 100 ശതമാനത്തിനടുത്ത് പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള തുടർപദ്ധതികൾ കാലോചിതമായി മാറ്റങ്ങൾക്കനുസരിച്ച് മുന്നോട്ട് പോകേണ്ടതുണ്ട്. അതോടൊപ്പം 2024-25 വാർഷിക പദ്ധതി കൂടുതൽ ജനോപകാരപ്രദമാകുന്നതിനും ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ട് പദ്ധതികൾ രൂപീകരിക്കുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

2024-25 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ഊരുകൂട്ടം, ഗ്രാമസഭ, വയോജന വികലാംഗ സ്പെഷ്യൽ ഗ്രാമസഭകൾ എന്നിവയിൽ നിന്നുള്ള നിർദ്ദേശങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ചുകൊണ്ട് 2024-25 വാർഷിക പദ്ധതിയുടെ കരട് പദ്ധതിരേഖ വികസനസെമിനാറിൽ അവതരിപ്പിക്കുന്നു. ഈ കരട് പദ്ധതിരേഖ പരിശോധിച്ച് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ നൽകണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളുടെ നിർദ്ദേശങ്ങൾക്ക് ലഭ്യമായ പദ്ധതിവിഹിതത്തിനനുസരിച്ച് വേണ്ട പരിഗണന നൽകുമെന്ന് ഉറപ്പുനൽകുന്നു. പഞ്ചായത്തിന്റെ സർവ്വോന്മുഖ വികസന പ്രവർത്തനങ്ങൾക്ക് നിങ്ങളോരോരുത്തരുടെയും സാന്നിധ്യ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

വിധേയർ,

| | | |
|---|---|---|
| കുറിച്ചി | **സുജാത സുശീലൻ** | **ലക്ഷ്മി ഡി.** |
| 03.01.2024 | പ്രസിഡന്റ് | സെക്രട്ടറി |

# വരൂ! കുറിച്ചിയുടെ വികസനത്തിൽ പങ്കാളികളാവാം!

പ്രിയപ്പെട്ടവരെ,

ഒരു നാടിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിനുമുമ്പ് ആ നാടിന്റെ ഭൂമിശാസ്ത്രവും അവിടെ വസിക്കുന്ന ഭൂരിപക്ഷം ജനങ്ങളുടെ സാമ്പത്തികശാസ്ത്രവും മനസ്സിലാക്കിയിരിക്കണം. വാഴപ്പള്ളി പഞ്ചായത്തിന്റെ ഭാഗമായിരുന്ന ഇത്തിത്താനം പ്രദേശവും നീലംപേരൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന കുറിച്ചി പ്രദേശവും കൂട്ടിച്ചേർത്താണ് കുറിച്ചി ഗ്രാമപഞ്ചായത്ത് രൂപം കൊണ്ടത്. ഈ രണ്ടു പ്രദേശങ്ങളും തമ്മിൽ ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങളുണ്ട്. അപ്പർ കുട്ടനാടൻ മേഖലയായ കുറിച്ചി പ്രദേശം ജലാശയങ്ങളുടെയും പാടശേഖരങ്ങളുടെ നാടാണെങ്കിൽ ഇത്തിത്താനം കുന്നും മലയും നിറഞ്ഞ ഉയർന്ന പ്രദേശമാണ്. (ഉദാ: മലകുന്നം, തച്ചുകുന്ന്, ജീരകക്കുന്ന്, കെട്ടിടംകുന്ന്, മാത്തൻകുന്ന്, കുരട്ടിമല). അതുകൊണ്ടുതന്നെ കുടിവെള്ളപ്രശ്നം അതിസങ്കീർണ്ണമായി നില്ക്കുന്ന പ്രദേശം കൂടിയാണ് ഇത്തിത്താനം. ചില സ്ഥലങ്ങളിൽ ജലനിധിപദ്ധതികളും ഭൂഗർഭജല പദ്ധതികളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും നല്ലൊരു ശതമാനം ജനങ്ങൾക്കും കുടിവെള്ളം കിട്ടാക്കനിയാണ്. അതേസമയം പടിഞ്ഞാറൻ മേഖലയിൽ മറ്റാവശ്യങ്ങൾക്കുള്ള ജലം ലഭ്യമാണെങ്കിലും കുടിവെള്ളത്തിന് പ്രദേശവാസികൾ ബുദ്ധിമുട്ടുകയാണ്. ഇതിനൊക്കെ ശാശ്വതപരിഹാരം ജൽജീവൻ മിഷൻ പദ്ധതിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി 90 കോടി രൂപമുടക്കി പഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇരുപത് വാർഡുകളിലായി നാല്പതിനായിരത്തിലധികം ജനങ്ങൾ വസിക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും പട്ടികജാതി-പിന്നോക്ക ജനങ്ങളാണ്. ഇവരിൽ നല്ലൊരു ശതമാനം പൊതുവേ സാമ്പത്തികമായി പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കൂലിപ്പണിക്കാരാണ്. അതുകൊണ്ടുതന്നെ സാമ്പത്തികമായി ദുർബലാവസ്ഥയിൽ നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് കുറിച്ചി. കെട്ടിടനികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി തുടങ്ങിയവയിൽ നിന്നുള്ള വരുമാനം തുലോം കുറവാണ്. ആ അവസ്ഥയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന പദ്ധതി വിഹിതത്തിനുള്ളിൽ നിന്നുകൊണ്ടുള്ള വികസന-ക്ഷേമപ്രവർത്തനങ്ങളാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. അത്തരമൊരു സാഹചര്യത്തിൽ ബഹുഭൂരിപക്ഷം വരുന്ന ദുർബലജനവിഭാഗങ്ങളുടെ സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ മറ്റ് വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയൂ.

അടിസ്ഥാന വിദ്യാഭ്യാസമേഖലയിൽ പണം ചെലവഴിക്കുമ്പോൾ, നമ്മുടെ പഞ്ചായത്തിൽ നിന്നും രാജ്യത്തിന്റെ വിവിധ യൂണിവേഴ്സിറ്റികളിൽ ഹയർ സ്റ്റഡീസിന് പഠിക്കുന്ന കുട്ടികളെക്കൂടി പരിഗണിക്കണമെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. അത്തരം കുട്ടികളെ കണ്ടെത്തി അവർക്കു കൂടി പ്രോത്സാഹനം നൽകാൻ നമുക്ക് കഴിയണം.

കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കിക്കൊണ്ട്, ഉല്പാദനമേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ നമുക്കാവണം. രാജ്യം മുഴുവൻ ചർച്ച ചെയ്യപ്പെട്ട 'സരസ്മേള'യിൽ നമ്മുടെ പഞ്ചായത്തിലെ കുടുംബശ്രീയുടെ പങ്കാളിത്തം സ്വയം വിമർശന പരമായി വിലയിരുത്തുകയും വരുംനാളുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് മാതൃക യാകുവാനും നമുക്ക് കഴിയണം.

മലയാളികളുടെ ആയുർദൈർഘ്യം ഉയർന്ന സാഹചര്യത്തിൽ, വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി പകൽവീട് പോലെയുള്ള പദ്ധതികൾ രൂപം നൽകണം. യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരിഉപയോഗം ഇല്ലാതാക്കുവാൻ അവരെ കായികരംഗത്തേക്ക് കൈപിടിച്ചുയർത്താൻ നമുക്ക് കഴിയണം. അതിനാവശ്യമായ സ്റ്റേഡിയങ്ങളും സ്പോർട്സ് ക്ലബ്ബുകളും സജ്ജമാക്കണം.

ഇത്തരം യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള വികസനചർച്ചകളും നിർദ്ദേശങ്ങളുമാണ് വികസനസെമിനാറിൽ ഉയർന്നുവരേണ്ടത്. അതിനുള്ള ആർജ്ജവവും അഭിരുചിയും ആത്മാർത്ഥതയും നിങ്ങൾക്കോരോരുത്തർക്കും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ.ഡി. സുഗതൻ**
വികസനകാര്യ ഉപാദ്ധ്യക്ഷൻ

# കുറിച്ചി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ

| | | ഫോൺ |
|---|---|---|
| ശ്രീമതി സുജാത സുശീലൻ | (പ്രസിഡന്റ്) | 9961205443 |
| ശ്രീ. കെ. ആർ. ഷാജി | (വൈസ് പ്രസിഡന്റ്) | 9747108702 |
| ശ്രീമതി പ്രീതാകുമാരി കെ. | (ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി) | 9744740156 |
| ശ്രീമതി കൊച്ചുറാണി ജോസഫ് | (ചെയർപേഴ്സൺ, ആരോഗ്യം, വിദ്യാഭ്യാസം) | 8129430377 |
| ശ്രീ. അഭിജിത്ത് മോഹൻ | (ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) | 8281841751 |
| ശ്രീമതി പൊന്നമ്മ സത്യൻ | (മെമ്പർ) | 8289964893 |
| ശ്രീമതി മഞ്ജു കെ. എൻ. | " | 9947165665 |
| ശ്രീമതി സിന്ധു സജി | " | 9847651529 |
| ശ്രീ. പ്രശാന്ത് മനന്താനം | " | 8921266001 |
| ശ്രീമതി ഷീനാമോൾ പി. ജി. | " | 9961548690 |
| ശ്രീമതി ആര്യമോൾ പി. രാജ് | " | 7025700259 |
| ശ്രീമതി സ്മിത ബൈജു | " | 9747790642 |
| ശ്രീ. ബി. ആർ. മഞ്ജീഷ് | " | 9947036022 |
| ശ്രീമതി ശൈലജ സോമൻ | " | 9947924046 |
| ശ്രീ. ബിജു എസ്. മേനോൻ | " | 9400820859 |
| ശ്രീമതി ലൂസി ജോസഫ് | " | 9605659750 |
| ശ്രീ. അനീഷ് തോമസ് | " | 6238226563 |
| ശ്രീമതി ബിന്ദു മേരി | " | 9656217759 |
| ശ്രീ. വിജു പ്രസാദ് | " | 9447014057 |
| ശ്രീമതി സുമ എബി | " | 9895785791 |
| ശ്രീമതി ലക്ഷ്മി വി. | (സെക്രട്ടറി) | |

**ജില്ലാപഞ്ചായത്ത് അംഗം**

വൈശാഖ് പി. കെ.

**ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ**

പ്രൊഫ. ടോമിച്ചൻ ജോസഫ് (പ്രസിഡന്റ്)

ശ്രീമതി രജനിമോൾ കെ. (വൈസ് പ്രസിഡന്റ്)

ശ്രീ. ഇ. ആർ. സുനിൽകുമാർ (മെമ്പർ)

ശ്രീമതി ഷീലമ്മ ജോസഫ് (മെമ്പർ)

# ആസൂത്രണ സമിതി അംഗങ്ങൾ

| | | |
|---|---|---|
| അദ്ധ്യക്ഷ | - | **ശ്രീമതി സുജാത സുശീലൻ** |
| | | (പഞ്ചായത്ത് പ്രസിഡന്റ്) |
| ഉപാദ്ധ്യക്ഷൻ | - | **ശ്രീ. കെ.ഡി.സുഗതൻ** |
| അംഗങ്ങൾ | - | **ശ്രീ. കെ.ആർ.ഷാജി** |
| | | (പഞ്ചായത്ത് വൈസ് പ്രസിഡന്റ്) |
| | | **ശ്രീമതി പ്രീതാകുമാരി കെ.** |
| | | (ചെയർപേഴ്സൺ,വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി) |
| | | **ശ്രീ. അഭിജിത്ത് മോഹൻ** |
| | | (ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) |
| | | **ശ്രീമതി കൊച്ചുറാണി ജോസഫ്** |
| | | (ചെയർപേഴ്സൺ, ആരോഗ്യം, വിദ്യാഭ്യാസം) |
| | | **ഡോ. പി.കെ.പത്മകുമാർ** |
| | | **ശ്രീ. എം. എൻ.മുരളീധരൻ നായർ** |
| | | **ശ്രീ. ബിജു തോമസ്** |
| | | **ശ്രീ. അഗസ്റ്റിൻ കെ.ജോർജ്** |
| | | **ശ്രീ. ജോസുകുട്ടി കണ്ണന്തറ** |
| | | **ശ്രീ. കെ.ആർ.രാജീവ്** |
| | | **ശ്രീ. പി.എസ്. രാജേഷ്** |
| | | **ശ്രീ. പി.എം. സുരേഷ് രാഗമാലിക** |
| പദ്ധതി കോ- ഓർഡിനേറ്റർ | : | **ശ്രീമതി ലക്ഷ്മി ഡി.** (പഞ്ചായത്ത് സെക്രട്ടറി) |
| അസിസ്റ്റന്റ് കോ - ഓർഡിനേറ്റർ | : | **ശ്രീ. ഷൈജു എസ്.** (സീനിയർ ക്ലർക്ക്) |

# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ

**1. പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ)**

**ചെയർമാൻ - കെ.ആർ.ഷാജി, കൺവീനർ - സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്**

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | സമോദ്, മണന്താനം | 9447044154 |
| 2 | രാജു റ്റി. പി., തലയാറ്റുംപള്ളി, കുറിച്ചി | 9447021661 |
| 3 | അനിയന് കുഞ്ഞ് പി. യു., പള്ളിച്ചിറ | 8606320465 |
| 4 | അഡ്വ: സുരേഷ്കുമാർ ബിന്ദു ഭവൻ, എസ്.പുരം | 9447367938 |
| 5 | എം എബ്രഹാം, മുല്ലക്കര,എസ്. പുരം,കുറിച്ചി | 9447571613 |
| 6 | സി. എം. പ്രദീഷ്കൊച്ചുപറമ്പിൽ, പാപാഞ്ചിറ കോളനി | 9744624244 |
| 7 | ബിജു സോമൻ അശ്വതി ഭവൻ, എസ് പുരം | 8921442702 |
| 8 | എം എന് മുരളീധരന് നായർ, പൊൻപുഴ മുല്ലശ്ശേരി | 9496108760 |
| 9 | സുമിത്ത് എസ്. റാപ്പുഴ , ഇത്തിത്താനം | 8921294343 |
| 10 | ഹരി കെ നായർ, തുരുത്തിപ്പള്ളിൽ ,മലകുന്നം, കുറിച്ചി | 9447844559 |
| 11 | അനിൽ കുമാർ റ്റി.എ. അമ്പാട്ട്, മലകുന്നം | 9446820416 |
| 12 | ലൂയിസ് സേവ്യർ മാവേലിപ്പറമ്പ് | 9496203785 |
| 13 | ഷിജിത്ത് പുതുപറമ്പിൽ | 9961696909 |
| 14 | റ്റിജിമോൻ ഫിലിപ്പ് ആലഞ്ചേരി, മലകുന്നം,കുറിച്ചി | 7034600625 |
| 15 | അഗസ്റ്റിൻ കെ ജോർജ്ജ് കറുകപ്പറമ്പിൽ, മലകുന്നം | 9946286781 |
| 16 | കെ. വൈ. ഷാജി കുളങ്ങര, കുറിച്ചി | 9744950992 |
| 17 | ഷാജി ചെന്നോത്ത്, കുറിച്ചി | 8848513633 |
| 18 | വിഷ്ണു കെ സുഭാഷ് കുളങ്ങര , കുറിച്ചി | 9745444526 |
| 19 | കെ പി രാജൻ, കടേപ്പറമ്പിൽ, നീലമ്പേരൂർ | 9447809851 |
| 20 | ബി.ആർ. മഞ്ജീഷ് - മെമ്പർ | |

**2. കൃഷി (ഉല്പ്പന്ന സംസ്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം, മുതലായവ.**

**ചെയർമാൻ - പ്രീതാകുമാരി കെ. കൺവീനർ - കൃഷി ഓഫീസർ , കുറിച്ചി**

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | സണ്ണി കല്ലാച്ചേരി, നീലംപേരൂർ | |
| 2 | സണ്ണി തോമസ് കാവുങ്കലോത്ത്, കുറിച്ചി | 7306992900 |
| 3 | സണ്ണി വാലിൽ | 9745637091 |
| 4 | കെ.എ.ഉദയഭാനു ഉദയ, എസ് പുരം പി ഒ | 9446507955 |
| 5 | സരളമ്മ കാർത്തികേയൻ, ചേലച്ചിറ | 9544356954 |
| 6 | പൊന്നമ്മ വിജയൻ, ചേലത്തിറ പുത്തൻകോളനി | 7025700451 |
| 7 | ഓമന പി.കെ.പുതുപ്പമ്പ്, എസ് പുരം | 9544368644 |
| 8 | വി. എൻ.വിജയനൻ വിജയസദനം, ഇത്തിത്താനം | 9446859678 |
| 9 | വിനോദ് കൊച്ചുപുരയ്ക്കൽ, ഇത്തിത്താനം | 9645788185 |
| 10 | നാരായണൻ നായർ, ചക്കാലത്തുണ്ടിയിൽ,മലകുന്നം | 9961358408 |
| 11 | ജോസ്കുട്ടി ജെയിംസ്കണ്ണന്തറ, മലകുന്നം | 9447559763 |

| | | |
|---|---|---|
| 12 | കെ എം ജോസഫ്, കണ്ണന്തറ | 9847647017 |
| 13 | സിന്ധു മണക്കാട്, ഇത്തിത്താനം | 8078081751 |
| 14 | മനോജ് ജോർജ് മുളപ്പൻചേരിൽ,മലകുന്നം,കുറിച്ചി | 9495445506 |
| 15 | ബിന്ദു അനിൽ, പത്തിൽ, മലകുന്നം | 9526203878 |
| 16 | വി റ്റി വിജയപ്പൻ, വലിയപറമ്പില്, എസ് പുരം | 9495334947 |
| 17 | ഉഷാ പുഷ്പൻ,ചെറുവള്ളിക്കുഴി, മലകുന്നം | 9847145099 |
| 18 | വി ആർ. രാജേഷ് വാഴക്കാലായിൽ, കുറിച്ചി | 9847607090 |
| 19 | പി എം പുന്നൂസ്,വാഴൂത്ര നീലമ്പേരൂർ | 9846593179 |
| 20 | ജിമ്മി ആന്റണി, കുന്നുപുറം, ഇത്തിത്താനം | 9847899697 |
| 21 | ശൈലജാ സോമൻ, മെമ്പർ | |

## 3.മൃഗസംരക്ഷണം,ക്ഷീരവികസനം

**ചെയർമാൻ - ഷീനമോൾ പി.ജി., കൺവീനർ - വെറ്ററിനറി സർജൻ**

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | ശശിധരൻ താഴ്ച്ചയിൽ | |
| 2 | ജയകുമാർ, മുരിങ്ങത്തുണ്ടിയിൽ, കുറിച്ചി | 9447197665 |
| 3 | പൗലോസ് മറ്റത്തിൽ | 9526560493 |
| 4 | സണ്ണി തൈത്തറ, തൈത്തറ, എസ്.പുരം | 9497226088 |
| 5 | ഗോപിനാഥൻ, തുണ്ടിപ്പറമ്പിൽ | 9744674016 |
| 6 | വി കെ സുകുമാരൻ,വഞ്ചിപ്പുരയ്ക്കൽ,എസ്.പുരം | 9496263622 |
| 7 | സതീഷ് കുമാർ,പുതുപ്പറമ്പ്, എസ.പുരം | 9544368644 |
| 8 | വി.ജി.ശിവൻകുട്ടി നായർ,വെള്ളിക്കര, ഇത്തിത്താനം | 9847138536 |
| 9 | ലക്ഷ്മണൻ റ്റി.സി. | 8086153244 |
| 10 | പ്രകാശ്കുമാർ,അമ്പാട്ട് മലകുന്നം,കുറിച്ചി | 9400520750 |
| 11 | ബേബിച്ചൻ, വേഷ്ണാൽ, മലകുന്നം | 9207028695 |
| 12 | ബിന്ദു സോമൻ, അഭിഷേകം | 9495314493 |
| 13 | ഗീത കുട്ടിത്തറ, ഇത്തിത്താനം | 7902487975 |
| 14 | ജോ മാത്യു,മുള്ളൻകുഴി,എസ്പുരം .കുറിച്ചി | 9446203099 |
| 15 | ബിജു പാലാത്ര | |
| 16 | അഞ്ജുമോൾ വി.ആർ. കല്ലുങ്കൽ | 8129828201 |
| 17 | സുനിത അഭിലാഷ്, പടിഞ്ഞാറെ പുതുമന | 8590634465 |
| 18 | പ്രിയ.എസ്.കുറുപ്പ്, രേവതി, കുറിച്ചി | 9497855257 |
| 19 | അജിത സതീഷ് പള്ളിക്കപ്പറമ്പിൽ | 8606504675 |
| 20 | പി.ജി.രവീന്ദ്രൻ,ഭൂതകുളങ്ങര | 9605543452 |

## 4. പ്രാദേശിക സാമ്പത്തിക വികസനം

**(ചെറുകിട വ്യവസായം,സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പടെ) സഹകരണം മുതലായവ**

ചെയർമാൻ– വിജു പ്രസാദ് കൺവീനർ–വി.ഇ.ഒ. (മലകുന്നം ഡിവിഷൻ)

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | എബി കളരിത്തറ | 7012243838 |
| 2 | സതീഷ് കെ. ജി., വാര്യവീട്, കുറിച്ചി | 9944793747 |
| 3 | പി.ജെ.മാത്യു പുത്തൻപറമ്പ് | 9497463672 |
| 4 | സന്തോഷ് കെ. കെ. കല്ലുങ്കൽ, എസ് പുരം | 9495188717 |

| | | |
|---|---|---|
| 5 | എൻ.ഡി. ബാലകൃഷ്ണൻ, നടരാജമംഗലം | 9497821466 |
| 6 | മനു മോഹനൻ, മൈലമൂട്, എസ് പുരം | 9400160874 |
| 7 | വിനോദ് പി. റ്റി. ഗീതാഭവൻ, പാത്താമുട്ടം | 9605133268 |
| 8 | റ്റി കെ കുഞ്ഞുമോൻ ,തൈപ്പറമ്പിൽ | 9947924244 |
| 9 | വിജയമ്മ തങ്കച്ചൻ,ജിനു നിവാസ്, ഇത്തിത്താനം | 8590921254 |
| 10 | ഉദയകുമാർ,കിഴക്കേടത്ത് ,മലകുന്നം, കുറിച്ചി | 9946001707 |
| 11 | അഡ്വക്കേറ്റ് ആർ. ബിനു,വെള്ളിക്കര, മലകുന്നം | 9495873909 |
| 12 | മിനി മധു പൊൻപുഴ | 9526371966 |
| 13 | ദിലീപ് അപ്പിച്ചേരിൽ, ഇത്തിത്താനം | 9847654784 |
| 14 | എന് കെ ബിനു,നടുവത്തുശ്ശേരി,എസ്പുരം | 9497389699 |
| 15 | ബാബു ചാലയ്ക്കപറമ്പിൽ | |
| 16 | യദുമോന് കെ എസ് കുളങ്ങര , കുറിച്ചി | 7012234470 |
| 17 | മഞ്ജു സിബി കൊല്ലമ്പറമ്പിൽ, കുറിച്ചി | 9188217213 |
| 18 | സനൂപ് സതീഷ് ചാലയ്ക്കപ്പറമ്പ്, ഇത്തിത്താനം | 7012910657 |

**5. ദാരിദ്ര്യ ലഘൂകരണം( പാർപ്പിടം ഉൾപ്പടെ)**

**ചെയർമാൻ-സ്മിത ബൈജു,കൺവീനർ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കുറിച്ചി ഡിവിഷൻ)**

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | മോളി കോയിപ്പള്ളി | 9526712267 |
| 2 | രാജു താഴ്ചയില്, കുറിച്ചി | 9895272970 |
| 3 | സുജിത്ത് കുറ്റിക്കാട് | 9048353141 |
| 4 | സുജിത്ത് കുന്നുംപുറം, എസ്.പുരം | 8921366039 |
| 5 | പി.എം.ജോസഫ്,എട്ടുമുറി | 9747189868 |
| 6 | സുരേഷ് നെടുംപെട്ടി മറ്റം, എസ്. | 7034184793 |
| 7 | ഹരിക്കുട്ടൻ ഇ.കെ.,ഇളംതുരുത്തിൽ, പാത്താമുട്ടം | 9847473480 |
| 8 | എം.ആർ.പ്രസാദ് മുല്ലശ്ശേരിൽ, ഇത്തിത്താനം | 9747222301 |
| 9 | പദ്മജ പൊന്നപ്പൻ,മുട്ടിത്തറ | 9847345022 |
| 10 | ശശീന്ദ്രന് നായർ,പറത്താനം,മലകുന്നം,കുറിച്ചി | |
| 11 | അജിമോൻ. റ്റി. വി.തടത്തിപ്പറമ്പിൽ, മലകുന്നം | 8590229541 |
| 12 | ആൻസമ്മ വർഗീസ്, മണ്ണാരുപറമ്പിൽ | 9847460328 |
| 13 | ശ്രീജിത്ത് കുളങ്ങര , ഇത്തിത്താനം | 9605641628 |
| 14 | മധുസൂദനൻ, ഹൗസ് നം.16, എസ്പുരം പി.ഒ.,കുറിച്ചി | 7034914491 |
| 15 | കെ.എം.രമണൻ, കുന്നത്തുപറമ്പിൽ | 9747635863 |
| 16 | ലേഖ ധനേഷൻ, കാരിയിൽ, കുറിച്ചി | 9847891917 |
| 17 | റ്റി.എ.ജെയിംസ്,തരുവൻകുഴി | 9947932074 |
| 18 | കെ.എ.ചാക്കോ,അമ്പലക്കടവിൽ | 9495446687 |
| 19 | സുധ ഓമനക്കുട്ടൻ ഭൂതകുളങ്ങര,ഇത്തിത്താനം | 9747668425 |

## 6. സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ,വൃദ്ധർ,കുട്ടികൾ,ട്രാൻസ്ജെൻഡേഴ്സ് മുതലായവ

ചെയർമാൻ -സൂമ എബി, കൺവീനർ ഐ.സി.ഡി.എസ്. സൂപ്പർവൈസർ

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | ജോസഫ് പിച്ചകപ്പള്ളി | |
| 2 | അനിൽ,അനുഗ്രഹ, കുറിച്ചി | 9847765436 |
| 3 | ലീലാമണി | 8714295925 |
| 4 | അനു രേഷ്മ തെങ്ങുംപറമ്പിൽ, എസ് പുരം | 8606819633 |
| 5 | രാജു മാത്യു, കുഴയിത്തറ | 8330069152 |
| 6 | ഗീതാ സേതുനാഥ്,തൈമാങ്കൽ, എസ് പുരം | 9349129759 |
| 7 | സുബിൻ, വാലുചിറ, എസ്.പുരം | 9656321013 |
| 8 | രാജേഷ് എൻ.മുല്ലശ്ശേരിൽ, ഇത്തിത്താനം | 9633744342 |
| 9 | കുഞ്ഞുമോൾ വിജയൻ,തകിടിയേൽ, ഇത്തിത്താനം | 7510737631 |
| 10 | വിനീതകുമാരി കാരക്കാട്ട്, മലകുന്നം, കുറിച്ചി | 9207799575 |
| 11 | ഷാംജ സുമേഷ്, മാത്തിപറമ്പിൽ, മലകുന്നം | 9497330470 |
| 12 | ടിങ്കിൾ പി ജോൺ, പൗവ്വത്തിൽ | 9446062826 |
| 13 | ഹർഷൻ, ശ്രീപദം, ഇത്തിത്താനം | 9048914871 |
| 14 | രജനി ഷൈജു ശില്പവനം, ഹൗസ് നം.13,എസ്പുരം | 8157029391 |
| 15 | ഷീല,ജയന്തി സഹദേവൻ,കാട്ടുപറമ്പില്, നടുവിലേപ്പറമ്പ് | 9747673584 |
| 16 | കെ.എൻ. പീതാംബരൻ, പെരുമ്പുഴക്കാട്ട്,കുറിച്ചി | 9947635853 |
| 17 | അന്നമ്മ ഫിലിപ്പോസ് കളത്തിൽ, കുറിച്ചി | 964500135 |
| 18 | ദീപ്തി റെജി കനകക്കുന്ന്, കുറിച്ചി | |
| 19 | സൗമ്യ ബിജു തുണ്ടത്തിൽ വടക്കേപ്പറമ്പിൽ | 7306286131 |
| 20 | അനുപമ മനോജ് പിച്ചാംകേരി, ഇത്തിത്താനം | 9562705501 |

## 7. വനിതാ വികസനം

ചെയർമാൻ - പൊന്നമ്മ സത്യൻ കൺവീനർ- ഐ.സി.ഡി.എസ്.സൂപ്പർവൈസർ

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | വിശമ്മ ശ്രീധരൻ, കൊച്ചുപാട്ടാശ്ശേരിൽ | 8078516502 |
| 2 | രത്നമ്മ സൂര്യാരവൻ, കുറിച്ചി | 8547837317 |
| 3 | സുലോചന പുരുഷോത്തമൻ പീടികപ്പറമ്പിൽ | 8547009290 |
| 4 | ലീലാമ്മ രാജൻകല്ലൂത്തറ, എസ്.പുരം | 7034913944 |
| 5 | വത്സമ്മ എം.ബി. മാലിശ്ശേരി | 9744784147 |
| 6 | ബിജിമോൾ തടത്തിൽ,എസ് പുരം | 7558832552 |
| 7 | ജയശ്രീ,എം.എൻ. പടിഞ്ഞാറെപ്പറമ്പിൽ, പാത്താമുട്ടം | 9747803960 |
| 8 | ആശാലത കെ എൻ.,വാഴത്തോപ്പിൽ, ഇത്തിത്താനം | 996152082 |
| 9 | അനിതാ വിനോദ് പുല്ലാനിപ്പറമ്പ്, ഇത്തിത്താനം | 9744921688 |
| 10 | ലതാ രാമനക്കുട്ടൻദ്വാരക, മലകുന്നം കുറിച്ചി | 8547420567 |
| 11 | ബീന സതീഷ് മാങ്കൻകുന്ന്, മലകുന്നം | 9847914249 |
| 12 | പ്രമീള പി.എം. | 8281980673 |
| 13 | ത്രേസ്യാമ്മ ശശിധരൻ, മഴുവന്നൂർ, ഇത്തിത്താനം | 8075201083 |
| 14 | എലിസബത്ത് പുതുപ്പറമ്പ്, എസ്പുരം ,കുറിച്ചി | 6282915215 |

15 രാധിക സി.ആർ.,ആനക്കുഴി, മലകുന്നം 8281015504
16 പത്മം സദാശിവൻശങ്കരപുരം, കുറിച്ചി
17 മായാദേവി വിജയ ഭവനം, കുറിച്ചി 9947271915
18 സിന്ധു രാധാകൃഷ്ണൻ,വടക്കേമുട്ടം, കുറിച്ചി 9847262694
19 രഞ്ജു കെ.ആർ.കാവികിഴക്കേതിൽ 8921163272
20 ശാലിനി സുരാജ് , പീച്ചാങ്കേരി , മലകുന്നം 9847332501
21 സിന്ധു സജി മെമ്പർ

## 8 പട്ടികജാതി വികസനം/ പട്ടികവർഗ്ഗ വികസനം

ചെയർമാൻ- അഭിജിത്ത് മോഹൻ കൺവീനർ -അസ്സിസ്റ്റന്റ് സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത

**അംഗങ്ങൾ**

1 മോളമ്മ കാളിദാസ്സരി 9526077570
2 സുലി രാജേഷ് വടക്കേകുളങ്ങര, കുറിച്ചി 8156888260
3 സുകുമാരൻ,ത്രിവേണി 9544423109
4 സുജാത സദാശിവൻ,കല്ലുതറ, എസ്.പുരം. 9744259587
5 തമ്പി എം എം മാന്തടത്തിപ്പറമ്പിൽ 7025042637
6 രാജു ചേലച്ചിറ,ചേലച്ചിറപുത്തൻകോളനി,എസ്.പുരം 9846091840
7 സുജാത ചൂട്ടുവേലിയ്ൽ, എസ് പുരം 7510624792
8 ബിബിൻ ബാബു,തോട്ടുപുറം, ഇത്തിത്താനം 8921034428
9 ബാബു കെ.കെ. കുറ്റിക്കണ്ടം 9605296830
10 വത്സല സുഗതൻ,മൈലാടുംതറ,മലകുന്നം 9048626767
11 മനുപി.മണിയപ്പൻപരവൻപറമ്പിലായപങ്ങാളിപറമ്പിൽ 9744771255
12 ജോസഫ് മാത്യു കരിയിലാകുഴി 9446258904
13 സി.ബി.ജയൻ
14 സി.കെ.മോഹൻദാസ്,ഹൗസ്നം.36, എസ്പുരം 9605574488
15 മിനി വിജയപ്പൻ, ജിഷാ പ്രസാദ് തോട്ടത്തിൽ 7025186552, 9605196077
16 എം.കെ.രാജം കണിയാംപറമ്പിൽ, എസ്.പുരം.
17 ഗീതാ പ്രസന്നൻചെന്നോത്ത്, കുറിച്ചി 9847274517
18 ഇന്ദിര റെജി അഭിനിവാസ്, കുറിച്ചി 9562616775
19 സ്മിത പി.ഡി.വെലംപറമ്പിൽ 6282747537
20 രതി പ്രസാദ് അത്തിക്കളം, ഇത്തിത്താനം 9778254350

## 9. ആരോഗ്യം

ചെയർമാൻ - പ്രശാന്ത് മനന്താനം, കൺവീനർ - മെഡിക്കൽ ഓഫീസർ- പി.എച്ച്.സി

**അംഗങ്ങൾ**

1 രമ്യ താഴ്ച്ചയിൽ
2 ലീലാമ്മ കാരിയിൽ 9947366935
3. ഷൈലമ്മ പെരുന്തറ 8113880546
4. പ്രഭാകരൻ ഇടത്തറ, എസ്.പുരം 9495480731
5. ശാന്തമ്മ പി സി മാന്തടത്തിപ്പറമ്പിൽ 9656154940
6 ഡോ.പ്രമീള ശിവ മന്ദിരം,എസ് പുരം 9495334758
7 ഷാജി , ഇളംതുരുത്തിൽ, പാത്താമുട്ടം 9074778597

| | | |
|---|---|---|
| 8 | ഫിനിമോൾ ജോസഫ്, പാലത്തിങ്കൽ തോപ്പിൽ | 8606817109 |
| 9 | റ്റോമി സ്കറിയ കുറിഞ്ഞിപ്പറമ്പിൽ, ഇത്തിത്താനം | 9645126499 |
| 10 | ഉണ്ണികൃഷ്ണൻ നായർ,തട്ടാട്ട്, മലകുന്നം | 9446288202 |
| 11 | ലക്ഷ്മണൻ നായർ, പടിഞ്ഞാറേതിൽ,മലകുന്നം | 9495749832 |
| 12 | കൊച്ചുമോൾ ജയൻ, തടത്തിൽപ്പറമ്പ് | 9656411323 |
| 13 | എൻ.റ്റി.ജോസഫ് അട്ടച്ചിറ, ഇത്തിത്താനം | 9946052980 |
| 14 | ജോബി തോമസ് കാവിത്താഴെ,മലകുന്നം | 9495314495 |
| 15 | ജയന്തി സഹദേവൻ | |
| 16 | ജോർജ്ജ് മാത്തൻ, തുരുത്താമഠം,കുറിച്ചി | 9497222463 |
| 17 | സിന്ധു രാധാകൃഷ്ണൻ,വടക്കേക്കൂട്ടം, കുറിച്ചി | 9847282694 |
| 18 | ഷീബ ശിവദാസൻ, ജീരകക്കുന്നേൽ, കുറിച്ചി | 9605629798 |
| 19 | മിനി തമ്പു ,തലയാറ്റുപള്ളി | 8921375647 |
| 20 | രാജേഷ് എ.ഡി. അത്തിക്കളം | 9658864581 |
| 21 | ആര്യമോൾ പി.രാജ് – മെമ്പർ | |

## 10. കുടിവെള്ളം , ശുചിത്വം മുതലായവ

ചെയർമാൻ- ബിജു.എസ്.മേനോൻ, കൺവീനർ-അസ്സിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്. ജി.ഡി.

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | നന്ദകേയൻ കിഷോർ ഭവൻ | |
| 2 | രാജു തായ്ക്കമഠം, കുറിച്ചി | 9947607950 |
| 3 | റോസമ്മ റോയ് വാലുപറമ്പിലായ കക്കുഴി | |
| 4 | അനിയന് കുഞ്ഞ് തൈത്തറ, എസ് പുരം | 9446924183 |
| 5 | പി എസ് കൃഷ്ണൻകുട്ടി കണ്ണാടിയിൽ | 9447846415 |
| 6 | രജനി ലൈജു ഹൗസ് 13 , ശില്പാ ഭവനം, എസ് പുരം | 8157029391 |
| 7 | അനീഷ് കുമാർ ചാമപ്പറമ്പിൽ, പാത്താമുട്ടം | 9048423881 |
| 8 | എം എന് തമ്പുനാഥ് മുല്ലശ്ശേരിൽ, ഇത്തിത്താനം | 9447279644 |
| 9 | കെ.ഐ.തങ്കച്ചൻകുറ്റിക്കണ്ടം | 6238654343 |
| 10 | അനിൽ കുമാർ പറത്താനം ,മലകുന്നം | 9847359499 |
| 11 | വി ജി രവീന്ദ്രൻ നായർ,നമിത, മലകുന്നം | 9495281280 |
| 12 | റോസമ്മ ജോസഫ് പുതുപ്പറമ്പ് | 9847095457 |
| 13 | സന്തോഷ് മണത്തുരുത്തി ഇത്തിത്താനം | |
| 14 | ജോബ് ചെറിയാൻ,കാഞ്ഞിരത്തുംമൂട്ടിൽ,മലകുന്നം | 8301945057 |
| 15 | സോണിയ ഷിനു കടപ്പറമ്പിൽ, മലകുന്നം | 7994751188 |
| 16 | മഞ്ജു നടരാജൻ തുണ്ടുപറമ്പിൽ | 9961108654 |
| 17 | ഓമന സോമൻ, കാരിയിൽ, കുറിച്ചി | 7736139166 |
| 18 | സി.എസ്.രാജേഷ് കുമാർ ചാണ്ടിച്ചേരിൽ, കുറിച്ചി | 9048305646 |
| 19 | ലിനു കുരുവിള വാഴൂത്ര | 9847971135 |
| 20 | പി.വി.വർഗ്ഗീസ്, പുളിക്കൽ, ഇത്തിത്താനം | 9847964542 |
| 21 | ലൂസി ജോസഫ് – മെമ്പർ | |

## 11. വിദ്യാഭ്യാസം, കല, സാസ്കാരികവും, യുവജനകാര്യം

ചെയർമാൻ-കൊച്ചുറാണി ജോസഫ്, കൺവീനർ- ഹെഡ്മാസ്റ്റർ, Govt. HWUPS മലകുന്നം

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | രാഹിത ശ്രീഭവനം | |
| 2 | മറിയാമ്മ തോമസ് മള്ളൂശ്ശേരി, കുറിച്ചി | 9048419551 |
| 3 | നടേശൻ പാലമുട്ടിൽ | 9446164620 |
| 4 | മേരി ദാസൻ, നെടുംപറമ്പിൽ | 9961069479 |
| 5 | സാബു കുഞ്ഞുഞ്ഞ് പെരുന്നേപ്പറമ്പ് | 9497389325 |
| 6 | പി.കെ.വിജയൻഉഷസ് എസ്.പുരം. | 9896858596 |
| 7 | പി.കെ.രാജേഷ് പുതുപ്പറമ്പ്, എസ്.പുരം. | 9995178494 |
| 8 | നിഖില് എസ്.പൊൻപുഴ, മഠത്തിൽ | 8921627176 |
| 9 | ജോസഫ് ജേക്കബ് മറ്റത്തിൽ, ഇത്തിത്താനം | 8281381923 |
| 10 | എൻ.മനു,അമ്പാടി, മലകുന്നം,കുറിച്ചി | 7012818554 |
| 11 | സുരേഷ് കുമാർ,വസന്തം, മലകുന്നം | 9847591684 |
| 12 | പുഷ്പലത,പുഷ്പവിലാസം | 9745470499 |
| 13 | അഭിജിത്ത് സതീഷ് കുമരകുളം, ഇത്തിത്താനം | 9656302755 |
| 14 | ജിജോ ചെറിയാൻ,ഒരക്കേപ്പറമ്പ്,എസ്.പുരം | 9496259095 |
| 15 | അജിത്ത് ശിവദാസ് വാലുപറമ്പ്, മലകുന്നം | |
| 16 | കെ.ഷാജിമോൻ, കുളങ്ങര, എസ്.പുരം,കുറിച്ചി | 9526727362 |
| 17 | കെ ഡി രാജന് കുന്നത്തുപറമ്പില് | 9495709425 |
| 18 | വിജി.എം.കുറുപ്പ് സുരഭി ഭവൻ | 9249985639 |
| 19 | മഞ്ജു- മെമ്പർ | |

## 12 പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ)

ചെയർമാൻ - അനീഷ് തോമസ് നെടുംപറമ്പിൽ

കൺവീനർ - അസ്സിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | എ സി കുഞ്ഞുമോൻ, അമ്പലപ്പുഴപറമ്പിൽ | 9895938115 |
| 2 | ശ്രീജിത്ത് കളരിയ്ക്കൽ, കുറിച്ചി | 8075837264 |
| 3 | വത്സമ്മ ഐസക്ക് | |
| 4 | ബോബിൻ വാഴപ്പറമ്പ് വാഴച്ചിറ, എസ് പുരം | 9544491649 |
| 5 | റോയിവർഗ്ഗീസ് | |
| 6 | സുകുമാരൻ, കൊരട്ടിമലപാപ്പാഞ്ചിറപുത്തൻകോളനി | 9207208806 |
| 7 | പി.കെ.പങ്കജാക്ഷൻ,പുതുപ്പറമ്പ്, എസ് പുരം | 9400535981 |
| 8 | എം.ആർ.പ്രസാദ്,മുല്ലശ്ശേരിൽ, ഇത്തിത്താനം | 9747222301 |
| 9 | സുനിൽ ബാബു,കരുണാലയം, ഇത്തിത്താനം | 9387606586 |
| 10 | ശശികുമാർ പി.ആർ.,തുണ്ടിയിൽ,മലകുന്നം | 9497819627 |
| 11 | ജെയിംസ് കുര്യാക്കോസ് ചെത്തിപ്പുരയ്ക്കൽ | 9447040587 |
| 12 | സിബിച്ചൻ എം.സി.മണിയങ്കേരിക്കളം | 9446859580 |
| 13 | മനോജ് മണിയപ്പൻ,നൈനാടപറമ്പിൽ | 9846843654 |

| | | |
|---|---|---|
| 14 | അനിൽ ശശിധരകുറുപ്പ്,പരുത്തിക്കാട്,മലകുന്നം | 8943756895 |
| 15 | തങ്കച്ചൻ,ആനക്കുഴി, മലകുന്നം | 8281818724 |
| 16 | സദാനന്ദൻ, കുളത്തുങ്കൽ, കുറിച്ചി | 9400641848 |
| 17 | സാജൻ തോമസ് പരവരമ്പേരിൽ, കുറിച്ചി | 9074889656 |
| 18 | ബിനോയി അമ്പാട്ട്പ്പറമ്പിൽ, കുറിച്ചി | 9947441432 |
| 19 | പുന്നൂസ് ചാക്കോ വാഴൂത്ര | 9074266573 |
| 20 | ഷൈൻ മോൻതോട്ട്പുറം, ഇത്തിത്താനം | 9744177994 |
| 21 | ബിന്ദു രമേശ് - മെമ്പർ | |

## 13 ദുരന്ത നിവാരണം

ചെയർമാൻ - പഞ്ചായത്ത് പ്രസിഡന്റ്

കൺവീനർ - പഞ്ചായത്ത് സെക്രട്ടറി

**അംഗങ്ങൾ**

| | | |
|---|---|---|
| 1 | ഓമനക്കുട്ടൻ,ചെറുപള്ളിക്കുന്നേൽ,കുറിച്ചി | 8592041790 |
| 2 | സുരേഷ് കുന്നേൽ | 7558846737 |
| 3 | റ്റി.യു.തോമസ് പ്രകാശ്,ഇ.കെ.തെക്കേപ്പറമ്പിൽ,പുതുപ്പറമ്പ് | 9847656083 |
| 4 | ജിക്കു വഞ്ചിപ്പുരയ്ക്കൽ | 9947089788 |
| 5 | അനിൽ കുമാർ,പുളിപ്പറമ്പിൽ,പാത്താമുട്ടം | 7025433980 |
| 6 | എം.എ.വർഗ്ഗീസ്,മുളപ്പാമഠം, ഇത്തിത്താനം | 9446939156 |
| 7 | രാജു ജോസഫ് പവ്വത്തിൽ, ഇത്തിത്താനം | 9497665753 |
| 8 | കുഞ്ഞുമോൾ പ്രദോഷ്, ചെമ്പകശ്ശേരി | 9539267611 |
| 9 | എ.എസ്.സലീം,ആലുമ്മൂട്ടിൽ, മലകുന്നം പി.ഒ. | 9656686430 |
| 10 | മിഥുൻ മാത്യു കണ്ണന്തറ | 9809827178 |
| 11 | സാബു പുഞ്ചായിൽ,പുഞ്ചായിൽ | 8606532587 |
| 12 | പുഷ്പലത അച്ചുനിവാസ്,എസ്പുരം | 9947991676 |
| 13 | ജോമോൻ പാലാത്ര, മലകുന്നം വാലുപറമ്പ്, മലകുന്നം | |
| 14 | കണ്ണൻരാജ് കുളങ്ങര | 9745601804 |
| 15 | ജയപ്രകാശ് കുളത്തുങ്കൽ, കുറിച്ചി | 9447142543 |
| 16 | നോബി കുളക്കാട്ട്ശ്ശേരിൽ, കുറിച്ചി | 9847185922 |
| 17 | അഖിൽ കെ.എസ്.കുന്നുംപുറം | 9656636653 |
| 18 | രതീഷ് കുമാർ പി.ആർ.മുത്രകുളങ്ങര,മലകുന്നം | 8129723610 |

അദ്ധ്യായം 1

# കുറിച്ചി ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

## ആമുഖം

ജനകീയാസൂത്രണ പ്രാദേശിക വികസനരീതി ആരംഭിച്ച് നാളിതുവരെ നടന്ന പ്രവർത്തനത്തെയും മാറ്റത്തെയും സംബന്ധിച്ച സമഗ്രമായ പഠനവും പരിശോധനയും നടത്തുന്നതിനായി വികസനരേഖ തയ്യാറാക്കുന്നത്. ഇതിന്റെ ഉള്ളടക്കം വിശദമായ വിശദീകരണത്തിനപ്പുറം താരതമ്യപഠനത്തിലൂടെ കാര്യങ്ങളെ വ്യക്തമാക്കാനാണ് ശ്രമിക്കുന്നത്. അടിസ്ഥാന രേഖയായി 1996–ലെ വികസനരേഖ സ്വീകരിച്ചുകൊണ്ട് പുതിയ കണക്കുകളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്.

## കുറിച്ചി പഞ്ചായത്തിന്റെ പൊതുവിവരണങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | - കുറിച്ചി |
| ഉൾപ്പെടുന്ന വില്ലേജ് | - കുറിച്ചി |
| ഉൾപ്പെടുന്ന കരകൾ | - ഇത്തിത്താനം കുറിച്ചി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | - കുറിച്ചി, ഇത്തിത്താനം, പാത്താമുട്ടം (4 ഗ്രാമപഞ്ചായത്ത് വാർഡുകൾ) |
| ബ്ലോക്ക് പഞ്ചായത്ത് | - പള്ളം (2010 മുതൽ) |
| താലൂക്ക് | - ചങ്ങനാശേരി |
| ജില്ല | - കോട്ടയം |
| വിസ്തീർണ്ണം | - 16.22 ചതുരശ്രമീറ്റർ |
| ജനസംഖ്യ | - 35815 (2011 സെൻസസ് പ്രകാരം) |
| വാർഡുകളുടെ എണ്ണം | - 20 |
| പ്രസിഡന്റിന്റെ പേര് | - സുജാത സുശീലൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | - കെ.ആർ.ഷാജി |

കുറിച്ചി പ്രദേശം എന്നത് തിരുവിതാംകൂറിൽ നിലനിന്നിരുന്ന വില്ലേജ് യൂണിയൻ സംവിധാനത്തിൽ കീഴിൽ വരുന്നതായിരുന്നു. 1952 ൽ കുറിച്ചി കരയോടൊപ്പം വാലടി, ഈര, കരുനാട്ടുവാല കരകൾ കൂടി ഉൾപ്പെടുത്തി നീലംപേരൂർ പഞ്ചായത്ത് രൂപംകൊണ്ടു. ഇത്തിത്താനം കര വാഴപ്പള്ളി പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1-1-1962 ൽ നീലംപേരൂരിന്റെ ഭാഗമായ കുറിച്ചി കരയും, വാഴപ്പള്ളി പഞ്ചായത്തിന്റെ ഭാഗമായിരുന്ന ഇത്തിത്താനം കരയും

ചേർത്താണ് കുറിച്ചി പഞ്ചായത്ത് രൂപീകരിച്ചത്. തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഭരണസമിതി 21.11.1963 ൽ ചുമതല ഏറ്റെടുത്തു.

ഭൂമിയുടെ കിടപ്പനുസരിച്ച് കിഴക്ക് നിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഭൂപ്രദേശത്തിന്റെ നിമ്നോന്നതയെയും കാർഷിക വിളയെയും അടിസ്ഥാനപ്പെടുത്തി ഉയർന്ന പ്രദേശങ്ങൾ, താഴ്ന്ന സമതലങ്ങൾ, ചരിവു പ്രദേശങ്ങൾ, പുഞ്ചപ്പാടങ്ങൾ എന്നിങ്ങനെയാണ് കുറിച്ചിയുടെ ഭൂവിഭാഗങ്ങൾ. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം തച്ചുകുന്നാണ്. കുരട്ടിമല, പിച്ചാംകേരി, മലകുന്നം തുടങ്ങിയവയാണ് മറ്റു താരതമ്യേന ഉയർന്ന പ്രദേശങ്ങൾ.

ചെരിവു പ്രദേശത്തിന്റെ തുടർച്ചയായി കാണുന്ന താഴ്ന്നതും നിരപ്പുള്ളതുമായ പ്രദേശങ്ങളിൽ കാണപ്പെട്ടിരുന്ന മുണ്ടകപ്പാടങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പരിവർത്തനം ചെയ്യപ്പെട്ട ഈ ഭൂമി വാസസ്ഥലമായും മറ്റു കൃഷിക്കായും ഉപയോഗിക്കുന്നു. കുറിച്ചിയുടെ പടിഞ്ഞാറു പ്രദേശം കുട്ടനാടൻ പുഞ്ചപ്പാടങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. പുഞ്ചപ്പാടങ്ങളിൽ കാണുന്ന മണ്ണ് മണൽ കുറഞ്ഞ കളിമണ്ണാണ്. നെൽകൃഷിയാണ് ഇവിടുത്തെ കൃഷി.

ഇന്നത്തെ കുറിച്ചി പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്ത് കുറിച്ചി, ഇത്തിത്താനം എന്നീ കരകളാണ് ആദ്യ കാലം മുതൽ നിലനിന്നിരുന്നത്. ഗുരുശ്രീപുരം എന്ന പേര് ലോപിച്ചാണ് കുറിച്ചി എന്ന പേരുണ്ടാകുന്നത്. ഗുരുശ്രീപുരം എന്നാൽ കഥകളി, വൈദ്യം, സംസ്കൃതം ഇത്യാദി മേഖലകളിലെ ഗുരുക്കന്മാരുടെ ശ്രീ നിറഞ്ഞിടം എന്നാണ്. ഇത്തിത്താനത്തെ സംബന്ധിച്ച് ഇട്ടിയ്ക്ക് ദാനം കിട്ടിയ പ്രദേശമാണ്, ഇട്ടിദാനവും പിന്നീട് ഇത്തിത്താനവുമായി പരിണമിച്ചത് എന്നും പറയപ്പെടുന്നു. സാംസ്കാരിക പൈതൃകത്തിന്റെ കാര്യത്തിൽ കുറിച്ചിയ്ക്ക് ശോഭനമായ ഒരു ഭൂതകാലമാണുണ്ടായിരുന്നത്.

കുറിച്ചി സാമൂഹികഘടന കാർഷിക മേഖലയിൽ ഊന്നിയുള്ളതാണ്. കുറിച്ചി തികച്ചും ഒരു കാർഷിക ഗ്രാമമാണ്. എന്നിരുന്നാൽ പോലും പ്രകടമായ മാറ്റം ഈ സാമൂഹിക ഘടനയിൽ സംഭവിക്കുന്നുണ്ട്. അസംഘടിത മേഖലയിലേക്ക് കുറിച്ചിയിലെ ജനങ്ങൾ മാറുന്നതായി 2011 സെൻസസ് സർവ്വേ സൂചിപ്പിക്കുന്നുണ്ട്.

2011 ലെ സെൻസെക്സ് പ്രകാരം കുറിച്ചിയിലെ മൊത്തം ജനസംഖ്യ 35815 വരും. ഇതിൽ 18313 സ്ത്രീകളും, 17502 പുരുഷന്മാരുമാണ്. ഇതിൽ 4628 പട്ടികജാതിയും 255 പട്ടികവർഗ്ഗവും ഉണ്ട്. കുറിച്ചിയിൽ 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3254 ആണ്. ഇവരിൽ 1613 പെൺകുട്ടികളും 1641 ആൺകുട്ടികളുമാണ്.

കുട്ടികളുടെ സ്ത്രീപുരുഷ അനുപാതം, കുറിച്ചിയിലെ സ്ത്രീപുരുഷ അനുപാതത്തെക്കാളും അഖിലേന്ത്യാ അനുപാതത്തെക്കാളും കുറഞ്ഞിരിക്കുന്നു. 2011 ലെ സെൻസെക്സ് അനുസരിച്ച് കുറിച്ചിയിലെ സാക്ഷരതാ നിരക്ക് 88.35% ആണ്. 4171 ആളുകൾ

നിരക്ഷരരാണെന്നാണ് സർവ്വേ സൂചിപ്പിക്കുന്ന കണക്കുകൾ. 1991 ലെ സെൻസെക്സ് സർവ്വേ പ്രകാരം സാക്ഷരതാ നിരക്ക് 97% ആണെന്നിരിക്കെ 2011 ൽ സാക്ഷരത നിരക്കിലുണ്ടായ കുറവ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതോടൊപ്പം തന്നെ അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും തൊഴിലില്ല എന്നത് പ്രശ്നമായി അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങൾ വസ്തു. കരം, തൊഴിൽ കരം, ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ കിട്ടുന്നവ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്. ഇതിൽ പ്രധാനപ്പെട്ട വരുമാന സ്രോതസ്സ് വസ്തുകരം ആണ്. 2021-22 സാമ്പത്തിക വർഷത്തിൽ 95% വസ്തുക്കരം പിരിക്കാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്.

പ്രതിസന്ധി നേരിട്ടിരുന്ന സമ്പദ്ഘടനയേയും സമൂഹത്തെയും രക്ഷിക്കാനുള്ള മാർഗ്ഗമായിട്ടാണ് ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃതാസൂത്രണം എന്ന ആശയം ഒൻപതാം പദ്ധതിയിൽ സൃഷ്ടിച്ചതും നടപ്പിൽ വരുത്താൻ ശ്രമിച്ചതും. ഇതിൻ ഫലമായി പഞ്ചായത്തിന്റെ സമഗ്രമായ വികസനരേഖ തയ്യാറാക്കി. 1996 ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വികസനരേഖ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന് നൽകിയ ആദ്യ പഞ്ചായത്തും കുറിച്ചിയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മറ്റികൾ രൂപീകരിക്കുകയും വർക്കിംഗ് ഗ്രൂപ്പുകളും മറ്റു സംവിധാനങ്ങളും രൂപീകരിച്ച് ഗ്രാമസഭകൾ കൃത്യമായി ചേർന്ന് ജനകീയാസൂത്രണ പദ്ധതികൾ വിജയിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

14-ാം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്ത് അവസ്ഥാരേഖ തയ്യാറാക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഉറപ്പാക്കുന്ന നിലവിലുള്ള ക്രമീകരണങ്ങളും പഞ്ചായത്ത് നടത്തിയിട്ടുണ്ട്.

## 1. ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

### ഭൂപ്രകൃതി

ഭൂമിയുടെ കിടപ്പനുസരിച്ച് കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് കുറിച്ചി ഗ്രാമ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഭൂപ്രദേശത്തിന്റെ നിമ്നോന്നതയെയും കാർഷിക വിള യേയും അടിസ്ഥാനപ്പെടുത്തി ഉയർന്ന പ്രദേശങ്ങൾ, സമതലങ്ങൾ, ചരിവ് പ്രദേശങ്ങൾ, പുഞ്ചപ്പാടങ്ങൾ എന്നിങ്ങനെയാണ് കുറിച്ചിയുടെ ഭൂവിഭാഗങ്ങൾ. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം തച്ചുകുന്നാണ്. കുട്ടിമല, പിച്ചാംകരി, മലകുന്നം തുട ങ്ങിയവയാണ് മറ്റു താരതമ്യേന ഉയർന്ന പ്രദേശങ്ങൾ. രണ്ട് ഉയർന്ന പ്രദേശങ്ങൾക്ക് മദ്ധ്യേയായി സ്ഥിതിചെയ്യുന്നതും ചരിവുകുറവുള്ളതുമായ ഭൂവിഭാഗങ്ങളാണ്

താഴ്‌വരകൾ. ചെരിവ് പ്രദേശത്തിന്റെ തുടർച്ചയായി കാണുന്ന താഴ്ന്നതും നിരപ്പുള്ളതു മായ പ്രദേശങ്ങളാൽ മുണ്ടകപ്പാടങ്ങൾ കാണപ്പെടുന്നു. കുറിച്ചിയുടെ പടിഞ്ഞാറൻ പ്രദേശം കുട്ടനാടൻ പുഞ്ചപ്പാടങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.

**മണ്ണ് തരങ്ങൾ**

ഈ പ്രദേശത്ത് ചുവന്ന മണ്ണ്, കരിമണ്ണ്, വെളുത്ത മണ്ണ്, ചെളിമണ്ണ് എന്നിവ കാണപ്പെടുന്നു.

**വൃക്ഷസമ്പത്ത്, ഫലവൃക്ഷങ്ങൾ**

മാവ്, പ്ലാവ്, മഹാഗണി, ആഞ്ഞിലി, തേക്ക്, ഈട്ടി, പൂവരശ്, തെങ്ങ്, കവുങ്, പാല, കണിക്കൊന്ന, കുടംപുളി, വാളംപുളി, വട്ട, പേര, പുന്ന, ആൽ, ചെറുനാരകം, കമ്പിളി നാരകം എന്നിവ ഇവിടെ കാണുന്നു.

**ഔഷധ സസ്യങ്ങൾ**

തുളസി, ആര്യവേപ്പ്, മഞ്ഞൾ, കൂവ, ശംഖുപുഷ്പം, ആനച്ചുവടി, കുറുന്തോട്ടി, ബ്രഹ്മി, കൂവളം, പനിനീർകൂർക്ക, കാട്ടുകർത്താവി, ശതാവരി, പൂവൻകുറുന്തൽ, കയ്യോന്നി,ജാതിക്ക, കുരുമുളക്, കറിവേപ്പ്, ചെറുതുടലി, കറുക, ഗ്രാമ്പൂ, തുമ്പ

പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ പ്രധാനതോട്, ഉപതോട്, കുളങ്ങൾ എന്നിങ്ങനെയായി വിവിധ ജലസ്രോതസ്സുകൾ ഉണ്ട്. കൂടാതെ വിവിധങ്ങളായ കുളം പൂർത്തിയാക്കി ജലം സംരക്ഷിക്കുക വഴിയായി ധാരാളം ആളുകൾക്ക് ജലം നൽകാൻ സാധിക്കും .

## ജനസംഖ്യ

| | | |
|---|---|---|
| **ജനസംഖ്യ** | : | **37554 (2011 സെൻസസ് പ്രകാരം)** |
| **പുരുഷന്മാർ** | : | **18426** |
| **സ്ത്രീകൾ** | : | **19128** |
| **പട്ടികജാതി ജനസംഖ്യ** | : | **4204** |
| **പുരുഷന്മാർ** | : | **2100** |
| **സ്ത്രീകൾ** | : | **2104** |
| **പട്ടികവർഗ്ഗ ജനസംഖ്യ** | : | **165** |
| **പുരുഷന്മാർ** | : | **85** |
| **സ്ത്രീകൾ** | : | **80** |

## അധ്യായം 2

ലോകത്താകമാനം പിടിച്ചുകുലുക്കിയ കോവിഡ് മഹാമാരി പദ്ധതി പ്രവർത്തനങ്ങളെ സാരമായ രീതിയിൽ ബാധിച്ചതായി കാണാം. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തികമാന്ദ്യം പദ്ധതി പ്രവർത്തനങ്ങൾക്ക് കൃത്യമായി ഫണ്ട് ലഭ്യമാക്കുന്നതിന് തടസ്സമായിട്ടുണ്ട്. പല പദ്ധതികളിലും ലഭ്യമാക്കേണ്ടിയിരുന്ന ഫണ്ട് വിഹിതം ഗണ്യമായി കുറവ് വരികയും ലഭിക്കേണ്ടിയിരുന്ന ഫണ്ടുകൾ കൃത്യമായി ലഭിക്കാതെ വരികയും ചെയ്ത കാരണത്താൽ പദ്ധതി പുരോഗതിയെ നടപ്പുസാമ്പത്തിക വർഷത്തിൽ നല്ല രീതിയിൽ ബാധിച്ചിരുന്നു.

## അധ്യായം 3

# പ്രശ്നവിശകലനവും പ്രശ്നപരിഹാരസാധ്യതകളും

വിവിധ വിഷയ മേഖലകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ നടപ്പുവർഷം പൂർണ്ണമായും പരിഹരിക്കുന്നതിന് സാധ്യമല്ലെങ്കിലും പഞ്ചവത്സര കാലയളവിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ എല്ലാ മേഖലകളെക്കുറിച്ചുമുള്ള ഒരു ഓൺലൈൻ വിവര വ്യൂഹം ലഭ്യമല്ലാത്തത് പദ്ധതി നടത്തിപ്പിന് സാരമായി ബാധിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ ചെയ്യുന്ന സർവ്വേകളും പ്രവർത്തികളും ഒരു ഓൺലൈൻ ഡേറ്റാബേസിലേക്ക് അപ്ഡേറ്റ് ചെയ്യുകയും ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്നവ തരം തിരിച്ച് എടുക്കാൻ സാധിക്കുകയും ചെയ്യുകയാണെങ്കിൽ ഗ്രാമസഭകളിൽ ചർച്ചകൾ നടത്താൻ അവ ഉപകരിക്കുന്നതാണ്.

കർമ്മസമിതികളെ ശക്തിപ്പെടുത്തുന്നതിന് മാനദണ്ഡങ്ങൾ ആവിഷ്കരിക്കപ്പെടേണ്ടിയിരിക്കുന്നു. കർമ്മസമിതി അംഗങ്ങൾക്ക് പരിശീലനവും അവരുടെ സേവന സന്നദ്ധത വെറും നിർദ്ദേശങ്ങൾക്കപ്പുറം പ്രവൃത്തി മാർഗ്ഗത്തിൽ എത്തിക്കുന്നതിനു വേണ്ട പ്രോത്സാഹനവും നൽകേണ്ടത് അത്യാവശ്യമാണ്.

സ്റ്റാറ്റസ് റിപ്പോർട്ട്, പദ്ധതി രേഖ എന്നിവ തയ്യാറാക്കുന്നത് ഓൺലൈനിൽ ആക്കിയാൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഏകോപനം ഉറപ്പാക്കുന്നത് പരമാവധി വേഗത്തിലാക്കും.

പ്രാദേശിക സാമ്പത്തിക വികസനം വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് വ്യവസായ വികസന വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെയും പട്ടികജാതി പട്ടികവർഗ്ഗ ഫണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ജീവനക്കാരുടെയും സഹകരണം ഉറപ്പു വരുത്തുവാൻ അവരെയും നിർവ്വഹണ ഉദ്യോഗസ്ഥരായി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്.

### പദ്ധതികളുടെ ജയപരാജയ കാരണങ്ങൾ

പദ്ധതികൾ നടപ്പാക്കുന്നതിനു മുമ്പായി ഗുണഭോക്താക്കളുടെ എണ്ണവും അതോടൊപ്പം സ്ഥലലഭ്യതയും പ്രത്യേകമായി വിലയിരുത്തേണ്ടതുണ്ട്. ആവശ്യമായ ഗുണഭോക്താക്കൾ ഇല്ലാത്തതും സ്ഥലം ലഭിക്കാത്തതും പല പദ്ധതികളുടേയും വിജയത്തെ ബാധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ എല്ലാ മേഖലകളെക്കുറിച്ചുമുള്ള ഒരു ഓൺലൈൻ വിവരവ്യൂഹം ലഭിക്കാത്തത് പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്.

## അധ്യായം 4

# വികസനകാഴ്ചപ്പാട് - ലക്ഷ്യങ്ങൾ, തന്ത്രം

സുസ്ഥിരമായ ഒരു വികസന സമീപനമാണ് കുറിച്ചി ഗ്രാമപഞ്ചായത്ത് അനുവർത്തിച്ചു വരുന്നത്. വികസനകാര്യത്തിൽ ഓരോ മേഖലയിലും നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി തീരുമാനിക്കേണ്ടതുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് കൂടുതൽ ഓൺലൈൻ സേവനങ്ങൾ പ്രാപ്തമാക്കുക, സേവനങ്ങൾ വിരൽത്തുമ്പിൽ എന്ന ലക്ഷ്യത്തോടെ പ്രയത്നിക്കുകയും ചെയ്യണം. പഞ്ചായത്ത് ലഭിക്കേണ്ടുന്ന നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. കൃഷിയിൽ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ കൂടുതൽ ഉത്പാദനം സാധ്യമാക്കുക. കൂടുതൽ മെച്ചപ്പെട്ട ഗതാഗതസൌകര്യങ്ങൾ ലഭ്യമാക്കുന്നതും നിലവാരമുള്ള കെട്ടിടങ്ങളും റോഡുകളും പാലങ്ങളും ലഭ്യമായികൊണ്ടിരിക്കുന്നു. വിദ്യാലയങ്ങളുടെ നിലവാരം വളരെ ഉയർന്ന നിലയിലേക്ക് പോയികൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കതിക വിദ്യയിലൂടെ പഠനത്തിന് കൂടുതൽ സൌകര്യങ്ങൾ ലഭ്യമായികൊണ്ടിരിക്കുന്നു. ദരിദ്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട പഠനസൌകര്യം ലഭ്യമാക്കികൊണ്ടിരിക്കുന്നു. വളരെ അടിസ്ഥാനവർഗത്തിൽപ്പെട്ടവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഭക്ഷണം, പാർപ്പിടം, തൊഴിൽ എന്നിവ നൽകുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാവർക്കും വീടും വസ്തുവും എന്നത് കൂടുതൽ യാഥാർത്ഥ്യത്തിലേക്ക് അടുക്കുകയാണ്. സമൂഹത്തിൽ അതിദരിദ്രരായവരെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള സഹായസൌകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മികച്ച വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം, ഗതാഗതസൌകര്യം എന്നിവ ലഭ്യമാക്കികൊണ്ടിരിക്കുന്നു. സമൂഹത്തിൽ വനിതകൾക്ക് തുല്യ പ്രാധാന്യം നൽകികൊണ്ട് നല്ല പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സ്ത്രീകൾക്ക് തൊഴിലിനായി പരിശീലന പദ്ധതികൾ, ഉന്നതപഠനത്തിനുള്ള സൌകര്യങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവക്കുവേണ്ട സഹായങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ ക്ഷേമത്തിനായും ആരോഗ്യരക്ഷയ്ക്കായും കൂടുതൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തിൽ എല്ലാവർക്കും നീതി ഉറപ്പാക്കികൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പ്രകൃതി ദുരന്തങ്ങളും കോവിഡ് പോലുള്ള മഹാമാരി തടയുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

# അദ്ധ്യായം 5

# വിഭവ സ്രോതസ്സും വകയിരുത്തലുകളും

| | ഫണ്ട് | വകയിരുത്തിയ തുക |
|---|---|---|
| 1. | പ്ലാൻ ഫണ്ട് ജനറൽ | 22078000 |
| 2. | പ്രത്യേക ഘടക പദ്ധതി | 14820000 |
| 3. | പട്ടിക വർഗ്ഗ ഉപ പദ്ധതി | 180000 |
| 4. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4387200 |
| 5. | പ്രത്യേക ഉദ്ദേശ ഗ്രാന്റ് (CFC) | 6580800 |
| 6. | മെയിന്റനൻസ് ഫണ്ട് | |
| | റോഡിതരം | 6599000 |
| | റോഡ് | 34257000 |

## മേഖല തിരിച്ചുള്ള വകയിരുത്തൽ

| | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1. | ഉല്പാദന മേഖല | 6500000 |
| 2. | ലൈഫ് ഭവന പദ്ധതി (ജനറൽ) | 4500000 |
| 3. | ലൈഫ് ഭവന പദ്ധതി (SCP) | 5200000 |
| 4. | വനിതാ ഘടക പദ്ധതി | 3200000 |
| 5. | കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുള്ള പദ്ധതി | 1700000 |
| 6. | വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി | 1700000 |

## നിർബന്ധമായി വകയിരുത്തേണ്ട പ്രൊജക്ടുകൾ

| | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1. | അംഗനവാടിക്ക് അനുപൂരക പോഷകാഹാരം | 3300000 |
| 2. | പാലിയേറ്റീവ് കെയർ | 800000 |
| 3. | സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 500000 |
| 4. | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 800000 |
| 5. | ആയുർവേദ ആശുപത്രിക്ക് പകർച്ചവ്യാധി പ്രതിരോധ മരുന്ന് വാങ്ങൽ | 100000 |
| 6. | വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 500000 |
| 7. | കരാർ നിയമനം ടെക്നിക്കൽ അസിസ്റ്റന്റ് പെർഫോമൻസ് ടി.എ. | 500000 |
| 8. | കരാർ നിയമനം പ്രൊജക്ട് അസിസ്റ്റന്റ് | 300000 |

# അദ്ധ്യായം 6

14-ാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിരിക്കുകയാണ്. 2024 -25 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, ഊരുകൂട്ട യോഗം വയോജന, ഭിന്നശേഷി ഗ്രാമസഭകൾ എന്നിവ യോഗം ചേർന്ന് 2024-25 വാർഷിക പദ്ധതിയിലേയ്ക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## പദ്ധതി നിർദ്ദേശങ്ങൾ
## വർക്കിംഗ് ഗ്രൂപ്പുകൾ

### പൊതുഭരണവും ധനകാര്യവും

1. 4, 5 വാർഡുകളിൽ ഗ്രാമകേന്ദ്രം സ്ഥാപിക്കൽ
2. ഹെറിറ്റേജ് ടൂറിസം വഴിയരികിലെ വേസ്റ്റ് നിക്ഷേപം തടയുക, നാലുമണിക്കാറ്റ് മാതൃകയിൽ സൌകര്യങ്ങൾ ഒരുക്കുക, 1, 2 വാർഡുകളിൽ ആമ്പൽ പാടങ്ങൾ പൂവിടുന്ന സമയങ്ങളിൽ ടി ഭാഗത്തേക്ക് ടൂറിസം വ്യാപിപ്പിക്കുക.
3. അനധികൃത കെട്ടിടങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തുക.
4. പഞ്ചായത്തിന്റെ ഭാഗമായി സ്പോർട്സ് കളരികൾ സ്ഥാപിക്കുക.
5. വാതിൽപടി സേവനം സജീവമാക്കുക.
6. ടി.എ. യുടെ വേതനം
7. ഐ.കെ.എം സേവനം
8. പദ്ധതി ആസൂത്രണം, നിർവ്വഹണം
9. പഞ്ചായത്ത് ഓഫീസിൽ നിരീക്ഷണ ക്യാമറ
10. വാതിൽപ്പടി സേവനം
11. പ്രോജക്റ്റ് അസിസ്റ്റന്റിന്റെ വേതനം
12. ഐ.എസ്.ഒ ഷെയർ
13. തനത് വരുമാനം റവന്യൂ ഡാറ്റാബേസ് തയ്യാറാക്കൽ
14. പൗരാവകാശരേഖ കാലികമാക്കൽ
15. ഇ-ഗവേണൻസ് സാർവ്വത്രികമാക്കുക.
16. ഗ്രാമകേന്ദ്രം സ്ഥാപിക്കുക.
17. ആമ്പൽ പാടങ്ങൾ സജീവമാക്കുക.
18. ഹെറിറ്റേജ് ടൂറിസം
19. 1, 2 വാർഡുകളിൽ ടൂറിസം പദ്ധതികൾ.
20. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി
21. സ്പോർട്സ് സ്കൂൾ സ്ഥാപിക്കുക.

### കൃഷി (ഉല്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം മുതലായവ.

1. നെൽകൃഷിക്ക് വിത്ത് സൗജന്യം നൽകുക .
2. നെൽകൃഷിക്ക് കൂലിച്ചിലവ് കൊടുക്കുക.

3. ഡ്രോൺ ഉപയോഗിച്ചു നെൽകൃഷിയിൽ വളം, കീടനാശിനി പ്രയോഗം എന്നിവ നടത്തുക.
4. ഓണത്തോടനുബന്ധിച്ച് പൂകൃഷിക്ക് പദ്ധതി വയ്ക്കുക.
5. ഇടവിളകൃഷിക്ക് കിറ്റ് നൽകുക.
6. കാരിക്കുഴി പാടശേഖരത്തിന് ബണ്ട് കല്ലുകെട്ടി ഉറപ്പിക്കുക.
7. കാരിക്കുഴി പാടശേഖരത്തിന് മോട്ടോർ തറ അനുവദിക്കുക.
8. കാരിക്കുഴി പാടശേഖരത്തിന് പെട്ടിയും പറയും അനുവദിക്കുക.
9. കക്കുഴി-ആലപ്പാട്ട് ചാൽ വാച്ചാലിന്റെ ഇരുവശവും കല്ലുകെട്ടി ബലപ്പെടുത്തുക.
10. കക്കുഴി-ആലപ്പാട്ട്ബണ്ട് റോഡ്അനുവദിക്കുക.
11. കക്കുഴി - പാലാച്ചാൽ ബണ്ട്കല്ലുകെട്ടി ബണ്ട് ഉറപ്പിക്കുക.
12. പാലാച്ചാലിന് മോട്ടോർതറ അനുവദിക്കുക.
13. പിച്ചളക്കരി പാടശേഖരത്തിന് റാമ്പ് നൽകുക.
14. കരിങ്ങണം പാടശേഖരത്തിന് കൽക്കെട്ടി ബണ്ട് റോഡ് എന്നിവ അനുവദിക്കുക.
15. മണ്ണേങ്കര പാടശേഖരത്തിന് പെട്ടിയും പറയും അനുവദിക്കുക.
16. അംഗനവാടികളിൽ പച്ചക്കറികൃഷിക്കുള്ള പദ്ധതി നടപ്പിലാക്കുക.
17. ഔട്ട് പോസ്റ്റിന്റെ പടിഞ്ഞാട്ടുള്ള തോട് തെളിയിച്ചുകൊടുക്കണം.
18. പച്ചക്കറി കൃഷിക്ക് കൂടുതൽ ചട്ടി അനുവദിക്കുക.
19. തൊഴിലുറപ്പുപദ്ധതിയിൽ കൃഷിക്ക് മുന്നോടിയായി തോട് വൃത്തിയാക്കാനുള്ള ആസൂത്രണം ചെയ്യുക.

## മത്സ്യതൊഴിലാളികൾക്ക്

20. മത്സ്യതൊഴിലാളികുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്
21. മത്സ്യതൊഴിലാളിക്ക് വല
22. മത്സ്യതൊഴിലാളിയുടെ കുട്ടികൾക്ക് ഫർണ്ണിച്ചർ, ലാപ്പ്ടോപ്പ്.
23. മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും
24. ജലാശയത്തിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുക.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

1. മൃഗാശുപത്രിക്ക് സ്വന്തമായി വാഹനം
2. മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ
3. പോത്തുകുട്ടി വിതരണം
4. മൃഗാശുപത്രിക്ക് അറ്റകുറ്റപണി
5. തെരുവ് നായ്ക്കളുടെ വന്ധ്യംകരണം
6. തെരുവ് നായ്ക്കളുടെ വാക്സിനേഷൻ
7. പാലിന് സബ്സിഡി കൂട്ടുക
8. കാലിത്തൊഴുത്ത് മെയിന്റനൻസ്

## പ്രാദേശിക സാമ്പത്തികവികസനം

1. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പ്ലാസ്റ്റിക്കേതര ക്യാരി ബാഗ് തുണിസഞ്ചി ഇവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. (ജനറൽ വിഭാഗം)
2. കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുക.

3. കുറിച്ചി പഞ്ചായത്തിലെ ടൂറിസ്റ്റ് സ്പോട്ടുകൾ കണ്ടെത്തി മുറ്റത്തുകടവ്, ചാലച്ചിറ കളമ്പാട്ടുകടവ്) അവ വിപുലപ്പെടുത്തി പുതിയ തൊഴിൽ അവസരങ്ങൾ അവിടെ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുക.
4. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

## ദാരിദ്ര്യ ലഘൂകരണം

1. ജനറൽ മെയിന്റനൻസ് തുകയും, എണ്ണവും കൂട്ടണം
2. വീട്ടുകരം ഇല്ലാത്ത വീടുകളുടെ ഓതറൈസേഷൻ പ്രശ്നത്തിനു പഞ്ചായത്ത് തലത്തിൽ പരിഹാരം കാണണം.
3. ടോയ്‌ലറ്റ് നിലവിൽ ഇല്ലാത്ത വീടുകളിൽ സെപ്റ്റിക് ടാങ്കോടു കൂടിയ ടോയ്‌ലറ്റ് നിർമ്മിച്ചു നല്കുക.
4. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികളിൽ നിലവിൽ കിണർ നിർമ്മാണം വ്യക്തികൾക്ക് നല്കുന്നില്ലാത്തതിനാൽ വാർഷിക പദ്ധതിയിൽ കിണർ നിർമ്മാണം ഉൾപ്പെടുത്തുക.
5. നിലവിലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താതെ പോയവരെ വീണ്ടും ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നല്കുക.
6. ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അനർഹരെ ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തുക.
7. സാമൂഹ്യ പെൻഷൻ വാങ്ങുന്ന അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. അഗതി ആശ്രയ ലിസ്റ്റിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുക.

## സാമൂഹ്യനീതി

1. ഭിന്നശേഷിക്കാർക്ക് (വൃദ്ധർക്ക്) വേണ്ട സഹായങ്ങൾ കുടുംബശ്രീ വഴി ചെയ്ത് കൊടുക്കുക.
2. വയോജനങ്ങൾക്കായ ആയുർവ്വേദം, അലോപ്പതി, ഹോമിയോ തുടങ്ങിയ മെഡിക്കൽ ക്യാമ്പുകൾ നടത്തുക.
3. അശരണരായവർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കുക.
4. വയോജനങ്ങൾക്ക് പകൽവീട് ഉറപ്പാക്കുക.
5. കൗമാരപ്രായക്കാരായ എല്ലാ കുട്ടികൾക്കും എല്ലാ സ്കൂളുകളിലും നിർബന്ധമായും ബോധവല്കരണ ക്ലാസ്സുകൾ നടത്തുക.
6. സാമ്പത്തിക സ്ഥിതി മോശമായ കുടുംബങ്ങളിലേയും മാതാപിതാക്കൾക്ക് നിയന്ത്രിക്കാൻ പറ്റാത്തതുമായ ഭിന്നശേഷിക്കാരെ താമസിപ്പിക്കുന്നതിന് ഷെൽട്ടർ ഹോമുകൾ തുടങ്ങുക.
7. എല്ലാ അംഗണവാടികളിലും കുട്ടികൾക്ക് ആകർഷകമായ രീതിയിൽ അംഗണവാടി നവീകരിക്കുക.
8. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടിക്ക് സ്ഥലവും കെട്ടിടവും അനുവദിക്കുക.
9. വയോജനങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിന് വാർഡ് തലത്തിൽ അവരുടെ വീടുകളിൽ എത്തിച്ചു കൊടുക്കുക.
10. ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾക്ക് ചുറ്റുമതിൽ അനുവദിക്കുക.

11. ഭിന്നശേഷി കുട്ടികൾക്ക് പഠനകാലത്തെ സ്കോളർഷിപ്പിന് ശേഷം സ്വയം തൊഴിൽ ചെയ്യുന്നതിന് സംവിധാനം ഒരുക്കുക.
12. മെയിന്റനൻസ് ആവശ്യമായ അങ്കണവാടികൾക്ക് മെയിന്റനൻസ് അനുവദിക്കുക.
13. അങ്കണവാടികളിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് പച്ചക്കറി വിത്തുകളും, ചട്ടികളും സൗജന്യമായി നല്കുക.

## വനിതാ വികസനം

1. സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾ മിക്കതും കാലപ്പഴക്കം മൂലം പുനർനിർമ്മാണം ആവശ്യമായിരിക്കുന്നതിനാൽ ആയതിനാവശ്യമായ ധനസഹായം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. അംഗനവാടികളുടെ ബലക്ഷയം കുട്ടികളുടെ സുരക്ഷയേയും അംഗനവാടിയുടെ പ്രവർത്തനത്തെയും ദോഷമായി ബാധിക്കുന്ന രീതി ഒഴിവാക്കുന്നതിനായി കെട്ടിടങ്ങൾ പുനർ നിർമ്മിക്കണം.
2. സ്വന്തമായി ഭൂമിയുള്ളതും എന്നാൽ കെട്ടിടം പഴകിയതു മൂലം Unfit ആയതുമായ കെട്ടിടങ്ങളുടെ പുനർ നിർമ്മാണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.
3. അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതിക്ക് ആവശ്യമായ ധനസഹായം
4. കൗമാരക്കാരായ കുട്ടികൾക്കും, വീട്ടമ്മമാർക്കും ആയി കൗൺസിലിംഗ് സേവനങ്ങൾ നല്കുന്നതിനായി കൗൺസിലിംഗ് സെന്റർ അനുവദിക്കുക.
5. ജാഗ്രതാ സമിതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജാഗ്രതാസമിതിക്ക് റും, കോ-ഓർഡിനേറ്റർ അനുവദിക്കുക.
6. വനിതകൾക്കായി സ്വയം തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
7. അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം (148 എണ്ണയ്ക്കാച്ചിറ, വാർഡ് –15, 153 എസ് പുരം വാർഡ് 6)
8. അംഗൻവാടിക്ക് കുടിവെള്ളസംവിധാനം (165 പുളിമൂട്, വാർഡ്- 9)
9. വനിതകൾക്ക് സൗജന്യ ഡ്രൈവിംഗ്, കമ്പ്യൂട്ടർ പരിശീലനം
10. അംഗൻവാടികൾക്ക് മെയിന്റനൻസ് (155, വാർഡ് 7, വയറിംഗ്, 146- പുത്തൻപള്ളി, വാർഡ് 20, 165- പുളിമൂട് വാർഡ് 9, വയറിംഗ്, മെയിന്റനൻസ്)
11. അംഗൻവാടിക്ക് ആവശ്യമായ ഫാൻ, ബാലസൗഹൃദ പെയിന്റിംഗ്.
12. 163-ാം നമ്പർ അംഗൻവാടി വഴി കോൺക്രീറ്റ്, വാർഡ് 13
13. അംഗൻവാടിക്ക് ബഞ്ച്, മേശ ലഭ്യമാക്കൽ
14. ICDS Superviosr ഓഫീസ് റും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.
15. വനിതകൾക്ക് മുട്ടക്കോഴി, പശു എന്നിവ ലഭ്യമാക്കുക.
16. കുട്ടികളുടെ സുരക്ഷക്കായി പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ പിടിച്ച് സംരക്ഷണ കേന്ദ്രത്തിലാക്കുക.
17. സ്ത്രീധന നിരോധന നിയമം, പോക്സോ ആക്ട് എന്നിവയെ സംബന്ധിച്ച ബോധവത്കരണം കുടുംബശ്രീ വഴി വനിതകൾക്ക് നല്കുക.

## പട്ടികജാതി/പട്ടികവർഗ്ഗ വികസനം

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം
2. എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ
3. എസ്.സി. വിഭാഗത്തിന് വീട് മെയിന്റനൻസ് (തുക വർദ്ധിപ്പിക്കുക)
4. പഠനോപകരണം (പഠനത്തിനാവശ്യമായ മറ്റ് പഠനസാമഗ്രികൾ കൂടി ഉൾപ്പെടുത്തുക)
5. വാട്ടർ ഫിൽട്ടർ നൽകുന്നതിന് പദ്ധതി

6. പുരയിടം മണ്ണിട്ടുയർത്തൽ
7. ലൈഫ്, എസ്.സി. തുക വർദ്ധിപ്പിക്കുക.
8. നഴ്സറി സ്കൂൾ നവീകരണം
9. പഞ്ചായത്ത് പരിധിയിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന കെട്ടിടങ്ങൾ പ്രവർത്തന യോഗ്യമാക്കുക.
10. എസ്.സി. വനിതകൾക്ക് തയ്യൽ മെഷീൻ
11. കമ്പ്യൂട്ടർ പരിശീലനം
12. വാട്ടർ ടാങ്ക്
13. എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
14. എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
15. ശുചിത്വ കിണറുകൾ
16. വിവാഹ ധനസഹായം
17. സൗരവിളക്ക്- എസ്.ടി ഭവനങ്ങൾക്ക്
18. എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
19. എസ്.ടി വിഭാഗക്കാർക്ക് സ്വയം തൊഴിൽ
20. എസ്.ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ആരോഗ്യം

1. സചിവോത്തമപുരം സബ് സെന്റർ നിലവിൽ ടി പ്രദേശത്ത് കേന്ദ്രം സ്ഥാപിച്ച് പ്രവർത്തിക്കുന്നില്ല. ഇപ്പോൾ താൽക്കാലികമായി മന്ദിരം കവലയിലെ സി. എച്ച്. സി യിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ സബ് സെന്ററിന്റെ പരിധിയിൽ വരുന്ന 4, 5, 6, 7,14, 15, 17 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ടി വാർഡുകളുടെ മധ്യഭാഗത്തായി സബ്സെന്ററിന് സ്ഥലം കണ്ടെത്തി, സ്ഥലം വാങ്ങാൻ പഞ്ചായത്ത് പദ്ധതിയിൽ തുക വകയിരുത്തണം. ഈ സബ് സെന്ററിന് കെട്ടിടം പണിയുന്നതിന് NHM ൽ നിന്ന് ഗ്രാന്റ് അനുവദിച്ചു കിടക്കുകയാണ്.
2. കുറിച്ചി സബ് സെന്റർ നിലവിൽ പ്രവർത്തിക്കുന്നത്. വൈ.എം.എയിലെ വനിതാ വികസന കേന്ദ്രത്തിലാണ്. ടി സ്ഥലത്ത് ചെറിയ ഒരു മുറി സൗകര്യം മാത്രമാണ് നിലവിലുള്ളത്. അവിടെയും NHM ന്റെ ഗ്രാൻഡ് അനുവദിച്ചു കിടക്കുകയാണ്. ഈ സബ് സെന്ററിന് സ്ഥലം വേണം.
3. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗി ക്കുന്നതിനായി തുക വകയിരുത്തണം.
4. ജീവിതശൈലി രോഗനിർണയ ക്യാമ്പ് മെഡിക്കൽ ക്യാമ്പ് എന്നിവയ്ക്ക് ട്രാൻസ്പോർട്ടേഷന് വേണ്ടി തുക വകയിരുത്തുക.
5. പാലിയേറ്റീവ് മരുന്ന് വാങ്ങാനുള്ള പ്രോജക്ട് ഡയാലിസിസ് കിറ്റ് രോഗികൾക്ക് എന്നും കുട്ടി മുടങ്ങാതെ നൽകുവാനുള്ള ചെലവ് പ്രോജക്ടിൽ വകയിരുത്തുക.
6. സി. എച്ച്. സി സചിവോത്തമപുരത്ത് നിലവിലുള്ള ഡോക്ടറുടെ ഒഴിവ് നികത്താനുള്ള നടപടി ഉണ്ടാക്കുക.
7. ചാലച്ചിറ സബ് സെന്ററിൽ ടോയ്‌ലറ്റ്, കുടിവെള്ളം മുതലായവ ലഭ്യമല്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി ഉണ്ടാക്കുക.
8. തൊഴിലുറപ്പ് യൂണിറ്റുകൾക്ക് ഫസ്റ്റ് എയ്ഡ് കിറ്റിനു വേണ്ടി തുക വകയിരുത്തുക
9. പ്രധാനപ്പെട്ട നാഷണൽ പ്രോഗ്രാം ആചരിക്കുന്നതിനായി തുക വകയിരുത്തുക.

10. ഹരിതകർമ്മ സേനയ്ക്ക് ശുചിത്വം നിലനിർത്തുന്നതിന്റെ ഭാഗമായി ഗ്ലൗസ് നൽകുന്നതിന് വേണ്ടി തുക വകയിരുത്തണം. ചാലച്ചിറ എഫ്സിഎഫ് ൽ കുടിവെള്ളവും, ടോയ്‌ലറ്റ് സൗകര്യവുമില്ല.

## കുടിവെള്ളം, ശുചിത്വം

1. കുറിച്ചി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജലജീവൻ പദ്ധതി വേഗത്തിലാക്കുന്നതിന് ഇടപെടണം.
2. നമ്മുടെ പഞ്ചായത്തിലെ പല സ്ഥലത്തും ഇപ്പോഴും മാലിന്യങ്ങൾ കൂടി കിടക്കുന്നു. എല്ലാ പ്രദേശത്തും ക്യാമറയും ബോർഡും സ്ഥാപിക്കണം.
3. പഞ്ചായത്തിലെ പൊതുകിണറുകൾ ശുചിയാക്കി റീചാർജ് ചെയ്യുക.
4. വാർഡിൽ നല്കുന്ന റിംഗ് കമ്പോസ്റ്റും, ബക്കറ്റുകളുടെ എണ്ണം കൂട്ടുക. ആയതിന് ഫണ്ട് കൂടുതൽ വകയിരുത്തുക.
5. മഴവെള്ള സംഭരണിക്ക് സബ്സിഡി.
6. എല്ലാ വീടുകളിലും കിണർ റീചാർജിംഗിന് സബ്സിഡി അനുവദിക്കുക.
7. സ്ട്രീറ്റ് ലൈൻ വലിച്ചത് പൂർത്തീകരിക്കാനുള്ള വാർഡുകളിൽ മുഴുവൻ പ്രദേശത്തും സ്ട്രീറ്റ് ലൈറ്റ് വലിച്ച് ലൈറ്റുകൾ സ്ഥാപിക്കുക.
8. സ്ഥിരമായി മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ പഞ്ചായത്ത് അടിയന്തിരമായി മാലിന്യം നിക്ഷേപിക്കരുത് എന്ന ബോർഡ് സ്ഥാപിക്കുക.
9. ജലജീവൻ കണക്ഷൻ വാർഡിൽ എല്ലായിടത്തും എത്തുക.
10. സചിവോത്തമപുരം കോളനി പൊതുകിണർ മെയിന്റനൻസ് ചെയ്യുക. കിണറിന്റെ സൈഡിലൂടെയുള്ള ഓട കെട്ടുക.
11. പാപ്പാഞ്ചിറ വടശ്ശേരി പൊയ്ക പൊതുകിണർ, ചേലചിറ കോളനി പൊതുകിണർ മെയിന്റനൻസ് ചെയ്യുക.
12. സചിവോത്തമപുരം കോളനി കുഴൽകിണർ വൃത്തിയാക്കി ഹാന്റ്പൈപ്പ് വയ്ക്കുക.

## വിദ്യാഭ്യാസം, കല

1. എസ്.എസ്.എ വിഹിതം നല്കൽ
2. കുട്ടികൾക്ക് കലാകായിക പരിശീലനത്തിൽ അധ്യാപകരെ നിയോഗിക്കുക.
3. പഞ്ചായത്ത് സ്റ്റേഡിയം നവീകരിച്ച് ഉപയോഗയോഗ്യമാക്കുക.
4. ബാലസഭകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക. ഓരോ വാർഡിലും ബാലസഭകൾ രൂപീകരിക്കണം. വായനാ കളരികൾ ബാലസഭയിലൂടെ നടപ്പിലാക്കുക.
5. സ്കൂളുകൾക്ക് വാഷ് ഏരിയ പണിയുക, വാട്ടർടാങ്ക് വയ്ക്കുന്നതിന് ക്രമീകരണം ചെയ്യുക. (GLPS Kurichy, GLPS Ithithanam)
6. സ്കൂളുകൾക്ക് ഫർണിച്ചറുകൾ, ചുറ്റുമതിൽ പുനർനിർമ്മാണം
7. സ്മാർട്ട് ക്ലാസ്സ് റും ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
8. വായനാശാലകൾ (അടഞ്ഞുകിടക്കുന്നവ) തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക.
9. സ്കൂൾ ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി എല്ലാ സ്കൂളുകളും പെയിന്റ് ചെയ്ത് മനോഹരമാക്കുക, അറ്റകുറ്റ പണികൾ പൂർത്തിയാക്കുക, അപകടകരമായി നില്ക്കുന്ന മരങ്ങൾ വെട്ടുക.

10. സ്കൂളുകളിൽ അടുക്കളത്തോട്ടം നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണം ചെയ്യുക.
11. യോഗാപരിശീലന പരിപാടി (സ്കൂളുകളിൽ) ആസൂത്രണം ചെയ്യുക.
12. പ്രായഭേദമന്യേ പഞ്ചായത്ത് തലത്തിൽ കലാകായിക മത്സരങ്ങൾ നടപ്പിലാക്കുക (കേരളോത്സവത്തിന് പുറമെ)
13. സ്കൂളിന്റെ രാത്രികാലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സോളാർലൈറ്റ്, CCTV സ്ഥാപിക്കുക.
14. Govt. HWUPS ന്റെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ മുൻഭാഗം ഷെഡ് നിർമ്മിച്ച് തറയിൽ ടൈൽ പാകുക.
15. അടുക്കള, ഹാൾ വൈദ്യുതീകരണം (HWUPS)
16. ഡൈനിംഗ് ഹാൾ തയ്യാറാക്കൽ (HWUPS)
17. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്ടോപ് നൽകുക.
18. ഗ്രന്ഥശാലകളിൽ വയോജന കേന്ദ്രം തുടങ്ങുന്നതിന് ആവശ്യമായ സഹായങ്ങൾ നല്കുക.
19. തൊഴിൽ അന്വേഷകരായ യുവതീ യുവാക്കൾക്ക് പി.എസ്.സി പരീക്ഷകൾ, അഭിമുഖങ്ങൾ ഇവയ്ക്ക് ആത്മവിശ്വാസത്തോടെ നേരിടുന്നതിനാവശ്യമായ പരിശീലനം നല്കുക.
20. ഗവ. സ്കൂൾ കുറിച്ചിയുടെ സംരക്ഷണഭിത്തി, കോമ്പൗണ്ട് വാൾ പൂർത്തീകരിക്കുക.
21. സ്കൂളുകളോടു ചേർന്നു റോഡുകളിൽ സൈൻബോർഡ്.
22. ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ (5 എണ്ണം എങ്കിലും) ലഭ്യമാക്കുക.
23. സ്കൂൾ കൗൺസിലിംഗ് അനുവദിക്കുക.
24. ഗവ.എൽ.പി.എസ് ന്റെ. (ഇത്തിത്താനം) മെയിന്റനൻസ് (മേൽക്കൂര)

## പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും)

1. റോഡിന്റെ (കണക്ടിവിറ്റി പ്രവർത്തനം അടിയന്തിരമായിപൂർത്തീകരിക്കുക.)
2. കൊല്ലമറ്റം - ചീരഞ്ചിററോഡ് സഞ്ചാരയോഗ്യമാക്കുക
3. Out post - എണ്ണയ്ക്കാച്ചിറ റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
4. ജലജീവൻമിഷൻ പ്രവർത്തനങ്ങൾക്കായി വെട്ടിപ്പൊളിച്ച പഞ്ചായത്തിലെ എല്ലാ റോഡുകളും അടിയന്തിരമായി കോൺക്രീറ്റ് ചെയ്യുക.
5. സ്ട്രീറ്റ്ലൈൻ വലിച്ചത് പൂർത്തീകരിക്കാനുള്ള വാർഡുകളിൽ മുഴുവൻ പ്രദേശത്തും സ്ട്രീറ്റ് ലൈൻ വലിച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നു.
6. പെരുന്നേപ്പറമ്പ് കുന്നുംപുറത്ത് താമസിക്കുന്നവർക്ക് നടവഴി കോൺക്രീറ്റ് ചെയ്തുകൊടുക്കുക.
7. ഇത്തിത്താനം ഗവൺമെന്റ് എൽ.പി.എസിന്റെ ഓടിട്ടകെട്ടിടം ജീർണാവസ്ഥയിൽ ആണ്, ആയത് പരിഹരിക്കുക.
8. കുറിഞ്ഞിപറമ്പ് - ചെമ്പുചിറ (നടപ്പുറം) റോഡ്കോൺക്രീറ്റ് ചെയ്യുക. വാർഡ് 9
9. പൗവ്വത്തിൽപടി - കുറിഞ്ഞിമുക്ക് റോഡ്കോൺഗ്രീറ്റിംഗ് - വാർഡ് 9
10. കാർഗിൽ പുതുപ്പറമ്പ് റോഡ് വീതികൂട്ടി കോൺക്രീറ്റിംഗ് ചെയ്യണം വാർഡ് 9
11. പുതുപ്പറമ്പ് -കുന്നാപ്പുര റോഡ് കോൺക്രീറ്റിംഗ് ചെയ്യണം - വാർഡ് 9
12. കൈതയിൽ താവളത്തിൽ റോഡ്കോൺക്രീറ്റിംഗ് - വാർഡ് 9
13. റേഷൻകട റോഡ് കോൺക്രീറ്റിംഗ് - വാർഡ് 9

14. പോളയ്ക്കൽ കുറ്റിക്കണ്ടം റോഡ്കോൺക്രീറ്റിംഗ് - വാർഡ് 9
15. പുറവടി- മുട്ടിത്തറ റോഡ് കോൺക്രീറ്റിംഗ് - വാർഡ് 9
16. ആതുരാശ്രമം റീ - ടാറിംഗ്
17. ചാലച്ചിറ ആറാട്ടുകടവ്- കോൺക്രീറ്റിംഗ് കരിക്കണ്ടംപാടത്തിന്റെ ബണ്ട് ബലപ്പെടുത്തണം.
18. പൂവക്കുളം റോഡ് റീകോൺക്രീറ്റിംഗ്
19. കോയിപ്പുറം - തണ്ടാത്തുശ്ശേരിപടി റോഡ് കോൺക്രീറ്റിംഗ്
20. ജോനകപ്പറമ്പ് - കണ്ണാട്ട്പറമ്പ്റോഡ്കോൺക്രീറ്റിംഗ്
21. ചിലമ്പാട്ടുശ്ശേരിയിൽ ചാമപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്
22. പുത്തൻവീട് - തെക്കേ വേളൂത്രറോഡ് കോൺക്രീറ്റിംഗ്
23. അമ്പലശ്ശേരി - കന്യാകോൺറോഡ് നിർമ്മാണം വാർഡ് -1
24. വില്ലേജ്-കോളനിറോഡ് - വാർഡ്-15
25. 148-ാംനമ്പർ അംഗൻവാടി റോഡ് - വാർഡ് - 15
26. പനക്കളം - തുരുത്താമഠംറോഡ് കോൺക്രീറ്റിംഗ്
27. ചാണ്ടിച്ചേരി-വാഴത്തോട്ടംറോഡ് കോൺക്രീറ്റിംഗ്
28. കുട്ടൻചിറപ്ലൂക് - മുണ്ടുകുളം റോഡ് സൈഡ് കൂടി മണ്ണിട്ടുയർത്തി - കോൺക്രീറ്റിംഗ്
29. കോയിപ്പുറം തണ്ടാത്തുശ്ശേരിറോഡ് കോൺക്രീറ്റിംഗ്, ഓടനിർമ്മിക്കുക.
30. നായിരമഠം- മംഗലത്ത്പടിറോഡ് കോൺക്രീറ്റിംഗ്
31. ആഞ്ഞനാട്ട്പടി - ചോറ്റുപറമ്പ്റോഡ് റീകോൺക്രീറ്റിംഗ്
32. മഴുവഞ്ചേരി- കൊച്ചുപറമ്പ്റോഡ് റീടാറിംഗ്
33. പനുവത്ര - പാറക്കടവ് റോഡ് റീകോൺക്രീറ്റിംഗ്
34. മുട്ടത്തുകാട്ടിൽ - വേലക്കടവ് റോഡ് റീകോൺക്രീറ്റിംഗ്
35. വെണ്ണമന - തൃക്കപാലേശ്വരം റോഡ് കോൺക്രീറ്റിംഗ്
36. പൊണെല്ലൂർ - തൃക്കപാലേശ്വരം റോഡ് കോൺക്രീട്ടിംഗ്
37. കക്കൂരി -ചിറക്കരോട് റോഡ് കോൺക്രീറ്റിംഗ്
38. പുത്തൻപള്ളി - പരിയാരത്ത് റോഡ് റീകോൺക്രീറ്റിംഗ്
39. കൊടുവേലിപ്പറമ്പ് - കാരിയിൽറോഡ് റീ കോൺക്രീറ്റിംഗ്
40. വാഴപ്പറമ്പ് - പേരൂർത്താഴെ റോഡ് റീകോൺക്രീ റ്റിംഗ്
41. മഴുവഞ്ചേരി - കണ്ടാളൻകാവ് റോഡ് റീകോൺക്രീറ്റിംഗ്
42. പറമ്പാട്ട്- തൃക്കപാലേശ്വരം റോഡ് കോൺക്രീറ്റിംഗ്
43. മുളന്തുണ്ടിപ്പടി - റേഷൻകട റോഡ് കോൺക്രീറ്റിംഗ്
44. പഴുംപള്ളി -ആനിക്കാട്ടുപടി റോഡ് കോൺക്രീറ്റിംഗ്
45. കളരിക്കൽ - ആഞ്ഞനാട്ട്പടി റോഡ് കോൺക്രീറ്റിംഗ്
46. കളരിയ്ക്കൽ-കൊച്ചില്ലം റോഡ് കോൺക്രീറ്റിംഗ്
47. കളരിയ്ക്കൽ - വടക്കേകുളങ്ങര റോഡ് കോൺക്രീറ്റിംഗ് സൈഡ് റ്റ്ട്ട
48. ചെറുവഴിക്കാട്ട് - പാറപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്
49. ചെറുവേലിൽ - വടക്കേകുളങ്ങര റോഡ്
50. തോപ്പിൽ - കൊച്ചില്ലം റോഡ്
51. കോയിപ്പുറം - കലഞ്ഞൂർറോഡ്
52. പാലാത്ര - കക്കുഴിത്താഴെ റോഡ് കോൺക്രീറ്റിംഗ്

53. തൈപ്പറമ്പ്പടി റോഡ് കോൺക്രീറ്റിംഗ്
54. ചന്ദ്രത്തിൽ പെന്തക്കോസ്തുപള്ളി - വെള്ളാപ്പള്ളികാലായിൽ റോഡ് കോൺക്രീറ്റിംഗ്.
55. നക്കരമുക്ക് - മന്നേക്കാട് റോഡ് റീകോൺക്രീറ്റിംഗ്
56. മന്നാനംപനയപ്പള്ളി റോഡ് റീകോൺക്രീറ്റിംഗ്
57. എണ്ണയ്ക്കാച്ചിറ IPC Centre റോഡ് കോയിത്തറമുക്ക് കോൺക്രീറ്റ് ചെയ്യുക
58. പാപ്പാഞ്ചിറ കോളനിയിൽ വെള്ളക്കെട്ടുണ്ടാകുന്ന റോഡ് റീ- കോൺക്രീട്ട് ചെയ്യുക. മന്ദിരം തലപ്പാല റോഡ് വാർഡ് - 4
59. മുഞ്ഞാട് - കുന്നുംപുറം റോഡ് സഞ്ചാരയോഗ്യമാക്കുക.
60. തോട്ടത്തിൽ-മുള്ളംകുന്ന് റോഡ് കോൺക്രീറ്റ്.
61. കാളു നഴ്സറി സ്കൂൾ റോഡ് കോൺക്രീറ്റ്
62. മില്ല്കവല-ചേലച്ചിറ കോളനി റോഡ് കോൺക്രീറ്റ്
63. കൊച്ചേരി- ചേലച്ചിറ കോളനി റോഡ് കോൺക്രീറ്റ്
64. മറ്റംജംഗ്ഷൻ - കിഴക്കേപ്പുരയ്ക്കൽ റോഡ്
65. കേളൻകവലകുമരംകുളം കോളനി റോഡ്
66. കുളങ്ങര പുതുപറമ്പ് റോഡ്
67. തെക്കേക്കുറ്റ്നടുപ്പറമ്പ്റോഡ്, പുളിമൂട്കുളങ്ങര റോഡ്, കുമരംകുളംകോളനിറോഡ്, SNDP വടക്കേക്കുറ്റ് റോഡ്, തോട്ടത്തിൽകണ്ണച്ചാടത്ത്റോഡ്, ശാസ്ത്രിറോഡ്, കണ്ണേകേരിറോഡ്, കേളൻകവലമുട്ടുചിററോഡ്, കുമരംകുളം കൊച്ചുച്ചിററോഡ്, കുഞ്ഞൻകവലസിന്ധുരം ചാലുമാട്ടുതറ റോഡ്, PRDS തേക്കനാൽ റോഡ് കോൺക്രീറ്റ്.
68. ചാമുരത്തുണ്ടി സി.എസ്.ഐ പള്ളി റോഡ്, വഞ്ചിപ്പുരയ്ക്കൽ പുഴിക്കുന്ന് റോഡ്, മുട്ടത്തുകടവ് പുതുപ്പറമ്പ് റോഡ്, കല്ലുങ്കൽപറമ്പ് മാലത്തുശ്ശേരി റോഡ്

## ജൈവവൈവിധ്യ മാനേജ്മെന്റ് കാലാവസ്ഥാ വ്യതിയാനം
## രിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം

1. പ്രളയം പോലുള്ള ദുരന്തങ്ങളിൽ നിന്നും രക്ഷ നേടുന്നതിനും അതിജീവനത്തിനും പ്രാപ്തമായ ദുരന്ത മാനേജ്മെന്റ് സംവിധാനം സാധ്യമാക്കണം.
2. വെള്ളപ്പൊക്കം പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സ്ക്വാഡ് രൂപീകരിക്കണം.
3. സ്കൂളുകളിൽ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കണം.
4. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിക്കുക.
5. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുക.
6. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, കാർബൺ ന്യൂട്രൽ പഞ്ചായത്ത്.
7. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുക.
8. തണ്ണീർ തടങ്ങൾ സംരക്ഷിക്കുക.
9. മിനി ജൈവ മ്യൂസിയം
10. ഹരിത ഭവനം
11. ഹരിതകർമ്മസേന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
12. കാർബൺ കുറയ്ക്കാൻ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക.
13. ലഹരി വിമുക്ത ബോധവല്കരണം.

14. അതിഥി തൊഴിലാളികളുടെ എണ്ണം കൃത്യമാക്കി സൂക്ഷിക്കുക.
15. ചാലച്ചിറ കുളത്തിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.
16. ചാലച്ചിറ തോട്ടിൽ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിനെതിരെ നടപടികൾ സ്വീകരിക്കുക.

## വയോജന ഗ്രാമസഭ

1. വയോജനങ്ങൾക്ക് കുടുംബശ്രീ - അയൽക്കൂട്ടം സ്ഥാപിക്കുക.
2. വയോജനങ്ങൾ വിശ്രമകേന്ദ്രങ്ങൾ അഥവാ പകൽ വീട് നിർമ്മിക്കുക.
3. മാരകരോഗങ്ങളുള്ള വയോജനങ്ങൾക്ക് പാലിയേറ്റീവ് ചികിത്സാ സഹായം, അതിലൂടെ മരുന്നുകൾ എന്നിവ ലഭ്യമാക്കുക.
4. സൗജന്യ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുക.
5. വയോജനങ്ങൾക്ക് കൗൺസിലിംഗ് സേവനം ലഭ്യമാക്കുക.
6. ഒറ്റയ്ക്കു വീടുകളിൽ കഴിയുന്ന വയോജനങ്ങൾക്ക് ആവശ്യമായി ഭക്ഷണവിതരണം കുടുംബശ്രീ അല്ലെങ്കിൽ അതത് വാർഡുകളിലെ ഹോട്ടലുകൾ വഴിയോ സംഘടിപ്പിക്കുക.
7. വയോജനങ്ങൾക്ക് കട്ടിൽ ലഭ്യമാക്കുക.

## ഭിന്നശേഷി ഗ്രാമസഭ

1. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി ഈ സാമ്പത്തിക വർഷവും അനുവദിക്കുക

2. **ബഡ് റീഹാബിലേഷൻ സെന്റർ**

   മാതാപിതാക്കൾ നഷ്ടപ്പെട്ട് ആരാലും സംരക്ഷണം ലഭിക്കാത്ത ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ പുനരധിവാസത്തിന് റീഹാബിലേഷൻ സെന്റർ അനുവദിക്കുക. ത്രിതല പഞ്ചായത്തുകൾ, എംപി, എം.എൽ.എ. ഇവരുടെ സാമ്പത്തിക സഹകരണത്തോടെ ബ്ലോക്കടിസ്ഥാനത്തിൽ പുനരധിവാസ കേന്ദ്രം നടപ്പിൽ വരുത്തുക.

3. **ബഡ് സ്കൂൾ**

   ബഡ് സ്കൂൾ ഗ്രാമതലത്തിൽ ആരംഭിക്കുവാനുള്ള തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുക. ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് അതിൽ തൊഴിൽ അവസരം നൽകുക

4. **തൊഴിൽ പരിശീലനകേന്ദ്രം**

   ഭിന്നശേഷിയുള്ളവർക്കായി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുകയും, ഉത്പന്നങ്ങൾക്ക് വിപണന കേന്ദ്രം ആരംഭിക്കുക

5. **സ്പെഷ്യൽ കുടുംബശ്രീകൾ**

   സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റി ഈ

വിഭാഗത്തിൽപ്പെട്ടവരുടെ രക്ഷിതാക്കളുടെ സ്പെഷ്യൽ കുടുംബശ്രീ വാർഡ് പരിധി കൂടാതെ മുഴുവൻ വാർഡുകളിലെയും സി.ഡി.എസ്സിന്റ നേതൃത്വത്തിൽ ആരംഭിക്കുക. ആയതിനുള്ള ബോധവത്ക്കരണം രക്ഷിതാക്കൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുക

സർക്കാർ ഉത്തരവ് നമ്പർ 162/2011 ത.സ്വ.ഭ.വ തീയ്യതി 29.7.2011 അനുബന്ധം -1 അനുസരിച്ച് മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ ഒന്നിലധികം വാർഡുകളിലായി ബന്ധപ്പെട്ട് ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവയെ ചേർത്ത് ഒരു പ്രത്യേക എ.ഡി.എസ്സ് രൂപീകരിക്കുന്നതും അനുബന്ധം 2 ലെ ഫോറം എഡി എസ്സുകൾ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ക്രോഡീകരിക്കേണ്ടത് എ.ഡി.എസ്സാണ്.

6. **ചികിത്സാ സഹായം**

ചികിത്സാസഹായ പദ്ധതികൾ ആരംഭിക്കുക

7. **സെമിനാറുകൾ**

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മാതാപിതാക്കൾക്ക് അതോടൊപ്പം തന്നെ പഞ്ചായത്തംഗങ്ങൾ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ ഈ വിഷയത്തെ സംബന്ധിച്ച് സംഘടിപ്പിക്കുക

## ഭിന്നശേഷി ഗ്രാമസഭ

ഇത്തരം ഗ്രാമസഭകൾ വർഷത്തിൽ രണ്ട് തവണ എങ്കിലും സംഘടിപ്പിക്കുക

1. ഭിന്നശേഷിക്കാരുടെ അവസ്ഥ അറിയുന്നതിനായി അവർക്ക് വേണ്ടി പ്രത്യേകസർവ്വേ പഠനങ്ങൾ നടത്തി പദ്ധതികൾ ആവിഷ്ക്കരിക്കുക
2. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ശാരീരിക ചലനം മെച്ചപ്പെടുത്തുന്നതിനായി എക്സർസൈസ് ഉപകരണങ്ങൾ ലഭ്യമാക്കുക
3. ബഡ്സ് സ്കൂളിന് വാഹനസൌകര്യം ലഭ്യമാക്കുക
4. പഞ്ചായത്തിലെ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക
5. ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ക്രമീകരണങ്ങൾ നടത്തുക
6. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ കുടുംബശ്രീകൾ ആരംഭിക്കുക. കുട്ടിയുടെ രക്ഷകർത്താവ്(മാതാവ്/പിതാവ്)ന് അതിൽ അംഗമാകത്തക്ക വിധത്തിൽ സി.ഡി.എസ്സ് മേൽനോട്ടത്തിൽ നടപ്പിലാക്കുക
7. കുടിവെള്ള പദ്ധതി ഇവരുടെ കുടുംബങ്ങളിൽ ലഭ്യമാക്കുക
8. നിരാമയ ഇൻഷുറൻസ് ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് ലഭ്യമാക്കുന്നതിനായി അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സംഘടിപ്പിച്ച് ക്യാമ്പ് സംഘടിപ്പിക്കുക
9. എപി.എൽ/ബിപിഎൽ വ്യത്യാസമില്ലാതെ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ

നല്കുക.

10. ഭിന്നശേഷിക്കാർ സ്വയംതൊഴിൽ പരിശീലനകേന്ദ്രം

## വയോജന ഗ്രാമസഭ

1. വയോജനങ്ങൾക്ക് കുടുംബശ്രീ – അയൽക്കൂട്ടം സ്ഥാപിക്കുക.
2. വയോജനങ്ങൾക്ക് സൗജന്യ ആയുർവേദ മരുന്നുകൾ അനുവദിക്കുക.
3. മാരകരോഗങ്ങളുള്ള വയോജനങ്ങൾക്ക് പാലിയേറ്റീവ് ചികിത്സാ സഹായം, അതിലൂടെ മരുന്നുകൾ എന്നിവ ലഭ്യമാക്കുക.
4. സൗജന്യ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുക.
5. വയോജനങ്ങൾക്ക് നല്ല വസ്ത്രം, ചെരുപ്പുകൾ
6. വയോജനങ്ങൾക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് വിഹിതം അനുവദിക്കുക.
7. വയോജനങ്ങൾക്ക് സൗജന്യ രോഗനിർണ്ണയ ക്യാമ്പ്
8. വയോജനങ്ങൾക്ക് കൗൺസിലിംഗ് സേവനം ലഭ്യമാക്കുക.
9. ഒറ്റയ്ക്കു വീടുകളിൽ കഴിയുന്ന വയോജനങ്ങൾക്ക് ആവശ്യമായി ഭക്ഷണവിതരണം കുടുംബശ്രീ അല്ലെങ്കിൽ അതത് വാർഡുകളിലെ ഹോട്ടലുകൾ വഴിയോ സംഘടിപ്പിക്കുക.
10. വയോജനങ്ങൾക്ക് കട്ടിൽ ലഭ്യമാക്കുക.

## ഊരുകൂട്ടം

1. കിണർ സംരക്ഷണം
2. പഠനോപകരണങ്ങൾ
3. ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്
4. സോളാർ ലാമ്പ് വിതരണം
5. എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
6. സ്വയംതൊഴിൽ വ്യക്തിഗതം

# ഗ്രാമസഭ നിർദ്ദേശങ്ങൾ

## വാർഡ് 1

1. ഇടനാട് മണ്ണങ്കര റോഡ് കൽക്കെട്ട് കെട്ടി മണ്ണടിച്ചു പൂർത്തീകരിക്കുക
2. ഇടനാട് മണ്ണങ്കര റോഡ് കോൺക്രീറ്റ് ചെയ്യുക
3. ഇടനാട് ആലക്കമണ്ണാലൽ മൂക്കാട്ടുപാക്കൽ താമരച്ചാൽ, കൈയിത്തറ റോഡ് കൽക്കെട്ട് കെട്ടി മണ്ണിടിച്ചു പൂർത്തീകരിക്കുക.
4. മനന്താനം ആശാരിപ്പറമ്പ് റോഡ് കോൺക്രീറ്റ്
5. പുതിയമഠം മുലേക്കോണം റോഡ്കോൺക്രീറ്റ്
6. അഞ്ചലശ്ശേരി കന്യാകോണിൽ റോഡ് കല്ലുകെട്ടി മണ്ണിടിച്ച് പൂർത്തീകരിക്കുക.
7. അഞ്ചലശ്ശേരി, പത്തിൽ കടവ്, കാളിശ്ശേരി, നെയ്ശ്ശേരി, പാട്ടാശ്ശേരി,കാളിയാർ മുട്ട് റോഡ് റീടാറിംഗ്.
8. ഇടനാട് പുതുവാത്ര മുട്ടത്ത് കൊണ്ടുപറമ്പ് പുതിയ മഠം റോഡ് കോൺക്രീറ്റ്.
9. റെഡിമെയ്ഡ് വൈ.എം.എ, കണ്ണാട്ട്, താഴത്തോടം, മുലേക്കോണം റോഡ്.
10. വൈ.എം.എ വെളുത്തേടത്ത് വാഴയിൽ ജലനിധി കുളം.
11. വൈ.എം.എ കുട്ടൻ കേരിൽ റോഡ് കോൺക്രീറ്റ്
12. വിത്തുകളം വീണാട്ടുകളം റോഡ് കോൺക്രീറ്റ്
13. ഇടനാട് പൂവക്കളം റോഡ് കോൺക്രീറ്റ്
14. കുറിച്ചി കരിവട്ടം പാടശേഖരം റോഡ് കോൺക്രീറ്റ്
15. കോലത്ത് കല്ലുപുരക്കൽ നാഷണൽ ക്ലബ്ബ് റോഡ് കോൺക്രീറ്റ്
16. പാട്ടാശ്ശേരി നാട്ടകവുമായി ബന്ധിപ്പിക്കുന്ന പാലം
17. ചിറ്റടിച്ചിറ പാലം
18. മണ്ണങ്കര പാലം
19. ഇടനാട് കൊണ്ടുപറമ്പ് റോഡ് സ്റ്റെപ്പ് കെട്ടുക.
20. മുക്കാട്ട്പാക്കമണ്ണങ്കര കുറിച്ചി കരിവട്ടം ബണ്ട് കെട്ടുക
21. അഞ്ചലശ്ശേരിവൈക്കത്തു കുഴി പാടശേഖരങ്ങളുടെ ബണ്ട് കെട്ടുക.
22. അഞ്ചലശ്ശേരി വൈക്കത്ത് കുഴി പാടശേഖരങ്ങളുടെ ബണ്ട് കെട്ടുക
23. മണ്ണങ്കര പാടശേഖരത്തിനു പെട്ടിയും പറയും നൽകുക
24. സ്ട്രീറ്റ് മെയിൻ വലിക്കാൻ ബാക്കിയുള്ള ഭാഗങ്ങൾ സ്ട്രീറ്റ് മെയിൻ വലിച്ച് ബൾബ് ഇടുക
25. ജലജീവൻ പദ്ധതിയിൽ പൈപ്പ് ലൈൻ ഇടാനുള്ള ഭാഗം ഇടുക. പൈപ്പ് ഇട്ട ഭാഗങ്ങൾ കോൺക്രീറ്റ് ചെയ്യുക.

## വാർഡ് 2

1. വൈ.എം.എ. കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തിക്കുന്ന പുരയിടത്തിലെ പൊതു കിണർ തേകി വൃത്തിയാക്കുക.
2. 500 സ്ക്വ. ഫീറ്റ് ഉള്ള മെരിക്കുട്ടി, പൂവക്കുളത്തിന്റെ വീട് കരം ഒഴിവാക്കി കിട്ടുന്നതിന് അപേക്ഷ നല്കുക.
3. ജൽജീവൻ പൈപ്പ് ഇടുന്നതിന് വേണ്ടി പൊട്ടിച്ച റോഡുകൾ (ക്രോസ് ചെയ്ത് പൊട്ടിച്ച റോഡുകൾ) അടിയന്തിരമായി പരിഹരിക്കുക.

4. കോയിപ്പുറം തണ്ടാത്തുശ്ശേരിപ്പടി റോഡ് സഞ്ചാരയോഗ്യം
5. തൃക്കപാലേശ്വരം 143-ാം നമ്പർ അങ്കണവാടി ഗ്രിൽ ഇടുക.
6. വൈ.എം.എ 141-ാം നമ്പർ അങ്കണവാടി ഉൾപ്പെടുന്ന പുരയിടം തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് വൃത്തിയാക്കുക.
7. റെഡിമെയ്ഡ് കവല കുരിശുംതൊട്ടി മുതൽ വൈ.എം.എ വരെയുള്ള ഭാഗം റീടാറിംഗ് നടത്തുക.
8. കോയിപ്പുറം തണ്ടാത്തുശ്ശേരി റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കുക.
9. വൈ.എം.എ 141-ാം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം പണിയുക.
10. അംഗനവാടി നം. 141, 143 ഇവയ്ക്ക് ആവശ്യമായ ബഞ്ച്, ഡെസ്ക്, കളിപ്പാട്ടങ്ങൾ, പായ, പാത്രങ്ങൾ, ഫാൻ എന്നിവ അനുവദിച്ചു നല്കുക.
11. വൈ.എം.എ ൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ് വൃത്തിയാക്കി പ്ലാസ്റ്റിക് ഇട്ടു വയ്ക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.
12. മുള്ളന്തുരുത്തി പനയപള്ളി റോഡ് റീകോൺക്രീറ്റിംഗ് 2-ാം ഘട്ടം നടപ്പിലാക്കുക.
13. പുഞ്ച സെക്ഷനിലെ സ്ട്രീറ്റ് മെയിൻ വലിച്ച് ലൈറ്റ് ഇടുക.
14. വാർഡിൽ പ്രവർത്തനരഹിതമായി കിടക്കുന്ന നേതാജി വായനശാല തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ മെയിന്റനൻസിന് ധനസഹായം അനുവദിക്കുക.
15. കളരിയ്ക്കൽ ആങ്ങനാട്ട്പടി റോഡ്കോൺക്രീറ്റിംഗ്

## വാർഡ് 3

1. പൂർത്തീകരിക്കാതെ കിടക്കുന്ന റോഡുകൾ പൂർത്തീകരിക്കുക.
2. പുതിയ പൈപ്പ് ലൈനിനായി പൊട്ടിപ്പൊളിച്ച റോഡുകൾ റീടാറിംഗ്, റീ കോൺക്രീറ്റിംഗ് ചെയ്യുക.
3. സാംസ്കാരിക നിലയത്തിനോട് ചേർന്നുള്ള അംഗൻവാടി (144 നമ്പർ) നിർമ്മിക്കുക.
4. ഉപയോഗശൂന്യമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പുതിയ ലൈറ്റുകൾ സ്ഥാപിക്കുക
5. ഓൾഡ് എം.സി.റോഡ് ശ്മശാനം റോഡ് കോൺക്രീറ്റ് ചെയ്യുക
6. അട്ടച്ചിറ വേലംകടവ് റോഡ് കോൺക്രീറ്റ് ചെയ്യുക
7. മർത്തോമ - ശ്മശാനം റോഡ് കോൺക്രീറ്റ് ചെയ്യുക
8. 171-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം. കെട്ടിടം
9. റോഡ് സൈഡിൽ നിൽക്കുന്ന വൻമരങ്ങളുടെ ചില്ലകൾ മുറിച്ചു മാറ്റുക (ഓൾഡ് എം.സി. റോഡ്)
10. ചിങ്ങവനം സെന്റ് തോമസ് സ്കൂളിന്റെ വക മൈതാനം മൂന്നാം വാർഡിൽ ഉണ്ട്. ഇവ കാടുപിടിച്ചു കിടക്കുന്നു. ഇവ വൃത്തിയാക്കാനുള്ള നടപടി സ്വീകരിക്കുക.
11. റോഡിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ തടസ്സം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക
12. പൈപ്പ് ലൈൻ ലഭിക്കാത്ത സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക
13. പുതിയ റോഡുകളുടെ പണി പൂർത്തീകരിക്കുക കോൺക്രീറ്റ്, ടാറിങ്
14. പട്ടയം ലഭിക്കാത്ത ഭൂമിക്ക് പട്ടയം നൽകുക
15. സാംസ്കാരിക നിലയത്തിന്റെ മുകളിൽ സൈഡ് കെട്ടുക (ചുമർ)

## വാർഡ് 4

1. മന്ദിരം ഹോസ്പിറ്റലിൽ കിടത്തി ചികിത്സക്കുള്ള കെട്ടിടം എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കണം.
2. തെരുവ് നായ ശല്യം കുറക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
3. അംഗനവാടിക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും വേണം.
4. വെള്ളം കെട്ടി കിടന്ന് കൊതുക് ശല്യം രൂക്ഷമാകുന്നു.
5. എണ്ണയ്ക്കാച്ചിറ ഭാഗത്ത് സപ്ലൈ ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ഇടിഞ്ഞു വീഴാറായ ടാങ്ക് പുനസ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
6. ചതുരത്തുണ്ടി സി.എസ്.ഐ പള്ളി റോഡ്, വഞ്ചിപ്പുരയ്ക്കൽ പുഴിക്കുന്ന് റോഡ്, മുട്ടത്തുകടവ് പുതുപ്പറമ്പ് റോഡ്, കല്ലുങ്കൽപറമ്പ് മാലാത്തുശ്ശേരി റോഡ്, മന്ദിരം തലപ്പാല റോഡ്

## വാർഡ് 5

1. 2024, 2025 പദ്ധതിയിൽ പഞ്ചായത്തിലേക്ക് സ്ട്രീറ്റ് ലൈറ്റ് ചെയ്യുന്നതിന് ജീവനക്കാരെ സ്ഥിരം നിയമിക്കുക. വാഹനം ഏർപ്പെടുത്തുകയും ചെയ്യുക.
2. മാലിന്യമുക്ത കേരളത്തിന്റെ ഭാഗമായി റോഡിന്റെ സൈഡിലെ കാടുകൾ വെട്ടിത്തെളിക്കുകയും; ക്യാമറ വയ്ക്കുകയും ചെയ്യണം.
3. പെരുന്നേപറമ്പ് യുവരശ്മി കുമ്പാടി തോട് തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ആഴം കൂട്ടി വൃത്തിയാക്കുക.
4. 5-ാം വാർഡിലെ പെരുന്നേൽ പറമ്പ് ഭാഗത്ത് സ്വകാര്യ വ്യക്തിയുടെ പറമ്പിലെ കാട് വെട്ടി തെളിയിക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കണം.
5. ചേലചിറ പൊതുസ്ഥലം കോൺക്രീറ്റ് ചെയ്ത് കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണം
6. മുന്നിമൂല മട്ടാശ്ശേരി പുതുപ്പറമ്പ് റോഡ് നവീകരണം
7. ചേലചിറ കോളനി (13 കോളനി)യുടെ ഓടകൾ കരിങ്കല്ല് കെട്ടി ബണ്ട് നിർമ്മിക്കുക
8. നെടുംപറമ്പ് ചെറുവീട്ടിൽ റോഡ് കോൺക്രീറ്റ്
9. വഞ്ചിപ്പുര ബദനിയാശ്രമം കുമ്പാടി റോഡ് നവീകരണം
10. കൊട്ടുപള്ളി പെരുന്നേൽ പറമ്പ് റോഡ് നവീകരണം
11. എട്ടുമുറി പഴമയിൽ റോഡ്
12. എട്ടുമുറി കുായിത്തറ റോഡ്
13. കുമ്പാടി ഹോമിയോ കോളേജ് റോഡ്
14. യുവരശ്മി കുമ്പാടി റോഡ്
15. അമ്പാടി മധു ഡോക്ടർ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക
16. തെക്കേപ്പറമ്പ് പുലിക്കുഴി പൊക്കം റോഡ് നവീകരിക്കുക.
17. എണ്ണക്കാച്ചിറ സമുദായ കെട്ടിടം വരെയുള്ള റോഡ് നവീകരിക്കുക
18. ഹോമിയോ കോജ് കുമ്പാടി റോഡ് നവീകരിക്കുക
19. യുവരശ്മി കുമ്പാടി പാടച്ചിറകലുങ്ക് വരെയുള്ള ഭാഗം നവീകരണം

## വാർഡ് 6

1. ചേലചിറ കോളനി വെള്ളപ്പൊക്കം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും സാന്ത്വന സ്പർശം പരാതി പരിഹാര അദാലത്തിൽ സമർപ്പിച്ച പരാതിയിൽ മേൽ പഞ്ചായത്ത് തല തുടർ നടപടി സംബന്ധിച്ച് തീരുമാനിക്കുന്നതിന് വാർഡ് മെമ്പർ സമർപ്പിച്ച അപേക്ഷ പരിഗണിച്ചു. വിഷയം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു. ബഹു എം.എൽ.എ ടി പ്രവർത്തിക്കായി ഫണ്ട് വച്ചിട്ടുണ്ട് എന്ന് വിലയിരുത്തി. എന്നാൽ നാളിതുവരെ ടി പ്രവർത്തിയുടെ നടപടികൾ ഒന്നും തുടങ്ങിയിട്ടില്ല എന്നുള്ളതും, അടുത്ത വർഷകാലത്തിനു മുൻപായി ടി പ്രവർത്തി പൂർത്തീകരിച്ചു കോളനിയിലെ വെള്ളപ്പൊക്കം ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു.
2. ചേലചിറ കോളനി ഓടകളിലെ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നിടത്ത് തടസ്സം ഒഴിവാക്കി ഓടകൾക്ക് സ്ലാബ് ഇടുക.
3. ചേലചിറ കോളനിയിൽ അപകടാവസ്ഥയിൽ ദ്രവിച്ചു നിൽക്കുന്ന തടി പോസ്റ്റ് മാറ്റി പുതിയത് ഇടുക.
4. പാപ്പാഞ്ചിറ കോളനിയിൽ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ കോൺക്രീറ്റ് ചെയ്യുക.
5. പാപ്പാഞ്ചിറ കോളനിയിലിടിഞ്ഞിരിക്കുന്ന പൊതു കിണർ അറ്റകുറ്റപ്പണി ചെയ്തു വൃത്തിയാക്കുക.44 കുടുംബങ്ങൾ കുടിവെള്ളം ഉപയോഗിക്കുന്ന കിണറാണിത്.
6. നാല്പതതിൻകവലയ്ക്ക് സമീപം പി.ഡബ്ല്യു.ഡി റോഡിന്റെ ഓടയോട് ചേർന്നുള്ള പഞ്ചായത്ത് ഓട കെട്ടി സമീപമുള്ള പൊതുകിണറും മെയിന്റനൻസ് ചെയ്യുക.
7. ചേലചിറ കോളനി പൊതുകിണർ, പാപ്പാഞ്ചിറ വടശ്ശേരി പൊയ്ക പൊതുകിണർ എന്നിവ മെയിന്റനൻസ് ചെയ്യുക.
8. ചേലചിറ കോളനി പൊതു സ്ഥലത്ത് ഹെൽത്ത് സെന്റർ, ഹാൾ എന്നിവ നിർമ്മിക്കുക.
9. 157-ാം നമ്പർപാപ്പാഞ്ചിറ അങ്കണവാടി കൂടുതൽ കുട്ടികൾക്ക് ഇരിക്കുവാൻ സൗകര്യമില്ലാത്തതിനാൽ കെട്ടിടത്തിന്റെശ മുൻഭാഗം പൊളിച്ച് മുറിയുടെ വിസ്തൃതി കൂട്ടി പണിയുക. ചുറ്റുമതിൽ കെട്ടുക. പുറകുവശത്ത് ഷീറ്റ് ഇടുക.
10. 153-ാം നമ്പർ സചിവോത്തമപുരം അംഗനവാടി ചുറ്റുമതിൽ കെട്ടുക.
11. പാപ്പാഞ്ചിറ കോളനി കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ട് സൈഡ് കെട്ടി തറയോട് ഇടുക.
12. വയോജനങ്ങൾക്ക് വാർഡ് തലത്തിൽ ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ നൽകുക.
13. നാല്പതതിൻകവല ഭാഗത്തുള്ള പി.ഡബ്ല്യു.ഡി റോഡ് കലുങ്ക് പണിത് ഓട നിർമ്മിച്ചശേഷം റോഡ് നന്നാക്കി ടാറിംഗ് നടത്താത്തതിനാൽ അപകടം ഉണ്ടാകുന്നു. ടി റോഡ് പണി പൂർത്തീകരിക്കുന്നതിനുള്ളനടപടിയുണ്ടാകുന്നതിന് പി.ഡബ്ല്യു.ഡി. ക്ക് വേണ്ട നിർദ്ദേശം നൽകുക.
14. റോഡ് കോൺക്രീറ്റിംഗ് കുടിവെള്ളം വഴി ലൈറ്റ് ആവശ്യമുള്ളത് -

    വലിയതറ- വടക്കേപറമ്പ്റോഡ്
    വഞ്ചിപ്പുര - മയിലുംമൂട് റോഡ്
    തോട്ടത്തിൽ - മുള്ളൻകുന്ന് റോഡ്
    വട്ടംചിറ - ചാലക്കൽപറമ്പ് റോഡ്
    കൊച്ചേരി - ചേലചിറ കോളനി മംഗലത്തുകുളം റോഡ്
    ധന്യാലയം - എട്ടുമുറി റോഡ്

ഐ.ടി.സി – നേഴ്സറി സ്കൂൾ
പാപ്പാഞ്ചിറ കോളനി റോഡുകൾ
മില്ലുകവല – ചേലചിറ കോളനി
മണ്ണാംപറമ്പ് – കിഴക്കേകുറ്റ് റോഡ്

15. ജലജീവൻ കണക്ഷൻ എല്ലാ വീടുകളിലും എത്തിക്കുക.വെട്ടിക്കുഴിച്ച റോഡുകൾ കോൺക്രീറ്റ് ചെയ്തു വൃത്തിയാക്കുക.
16. 40 ൽകവല കുഴൽക്കിണർ ക്ലീൻ ചെയ്ത് ഹാൻഡ് പൈപ്പ് വയ്ക്കുക.
17. ബാലപ്പൻ കോളനിയിൽ പൊതുകിണർ (കുഴൽകിണർ) അനുവദിക്കുക.
18. ഇറിഗേഷൻ കണക്ഷൻ കൂട്ടുക
19. മൈലംമൂട് വഞ്ചിപ്പുര കുഴൽകിണർ പദ്ധതി പൂർത്തിയാക്കുക

**റോഡ് മെയിന്റ് നൻസ്**

1. മൈലംമൂട് – ആശാരിപറമ്പ് റോഡ്
2. വഞ്ചിപ്പുര – മൈലമൂട് റോഡ് ചേലചിറ കോളനി റോഡ്
3. പാപ്പാഞ്ചിറ കോളനി റോഡ് 30 – 10 റോഡ്
4. 40 ൽകവല – ചേലച്ചിറ കോളനി റോഡ് (വാർഡ് 5, 6)
5. ശ്രീരാമസ്വാമി ക്ഷേത്രം – അമ്പലക്കുളം റോഡ്

## വാർഡ് 7

1. കുമരംകുളം ലക്ഷം വീട് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം
2. കുമരംകുളം ലക്ഷംവീട് ഓട നിർമ്മാണം.
3. കുഞ്ഞൻ കവല PWD റോഡിന് സൈഡിൽ ഓട നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

## വാർഡ് 8

1. എമ്മാസ് പാലപ്പറമ്പ് പള്ളി സ്റ്റെപ്പ് പുനരുദ്ധാരണം
2. പാലമൂട് റോഡ് കോൺക്രീറ്റ്, പാറക്കലുങ്ക് നിർമ്മാണം
3. അനുപമ – തൈക്കനാൽ റോഡ് നവീകരണം
4. ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് കണക്ഷൻ അനുപമ ക്ലബ്ബിന്റെ ഭാഗത്ത് ഇടുക.
5. ഉദിക്കൽ – അനുപമ നടപ്പാത കോൺക്രീറ്റ് ചെയ്യുക.
6. വ്യക്തികൾക്ക് കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകുക
7. 168-ാം നമ്പർ അംഗനവാടിക്ക് ചുറ്റുമതിലും, ട്രസ് വർക്കും ചെയ്യുക.
8. അംഗനവാടിക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉണ്ടാകുന്നു. ആയതിനാൽ ചുറ്റുമതിൽ കെട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
9. വ്യക്തികൾക്ക് ഷുഗർ ചെക്ക് ചെയ്യുന്ന ഉപകരണം അനുവദിക്കുക. ഹിയറിംഗ് എയ്ഡ് വ്യക്തികൾക്ക് അനുവദിക്കുക
10. വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിന് ആനുകൂല്യം അനുവദിക്കുക
11. സമ്പൂർണ്ണമായി വഴിവിളക്കുകൾ സ്ഥാപിക്കുക
12. 167-ാം നമ്പർ അംഗനവാടിക്ക് ചുറ്റുമതിലും, സെറ്റപ്പും കെട്ടുക.

## വാർഡ് 9

1. വാർഡിലെ എല്ലാ ഭാഗത്തും ബൾബ് ഇടണം

2. പുള്ളിമൂട് കരിയിലാക്കുഴി റോഡ് ഉയർത്തി കോൺക്രീറ്റ് ചെയ്യണം
3. പൊൻപുഴ ഭാസ്കരൻ കോളനി തോടിന്റെ സംരക്ഷണഭിത്തി കെട്ടണം.
4. വേഷ്ണാൽ നടപ്പുറം റോഡ് കോൺക്രീറ്റ് ചെയ്യണം
5. നടപ്പുറം റോഡിന്റെ ചാലക്കൽ ഭാഗത്ത് ചെമ്പുചിറ തോടിന് കുറുകെ പാലം നിർമ്മിക്കണം.
6. വി.സി.എം കണ്ണമംഗലം റോഡിൽ തോട്ടയ്ക്കാട് ഭാഗം റോഡ് ഉയർത്തി കോൺക്രീറ്റ് ചെയ്യണം
7. കാർഗിൽ പുതുപ്പറമ്പ് റോഡിന്റെ പൗവ്വത്തിൽ ഭാഗം വീതി കൂട്ടി കോൺക്രീറ്റ് ചെയ്യണം
8. പൊൻപുഴ കല്യാണിമുക്ക് റോഡ് റീ കോൺക്രീറ്റ് ചെയ്യണം
9. ഹരിത കർമ്മ സേന - കർശനമായി ഫീസ് വാങ്ങുന്നു. മാനുഷിക പരിഗണന നൽകാൻ, ഹരിത കർമ്മക സേനയുടെ വഴക്കുണ്ടാക്കുന്ന പ്രവണത നിർത്തണം.
10. സോളാർ ലൈറ്റ് ഹരിജനങ്ങളുടെ ഭവനങ്ങളിൽ വച്ചിരിക്കുന്നത് പ്രവർത്തനരഹിതമാണ്. അത് പ്രവർത്തനക്ഷമമാക്കി നൽകണം.
11. പ്ലാസ്റ്റിക് പാക്കറ്റിന് അകത്ത് സാധനങ്ങൾ വരുന്നതിനുള്ള പ്രവർത്തനങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യണം.

## വാർഡ് 10

1. പീച്ചാംശേരി പൊക്കം റോഡ്
2. ടെക്നിക്കൽ സ്കൂൾ- ചാലച്ചിറ റോഡ്
3. ആശാഭവൻ - പീച്ചാംശേരി റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കുക.
4. അത്തിക്കളം - കുഴപ്പാടം റോഡ്
5. ഉതുപ്പാശ്ശേരി- ചേക്കേപ്പറമ്പ് റോഡ്
6. ലൗലി ലാന്റ് - പുതുപ്പറമ്പ് റോഡ്
7. കാട്ടാമ്പള്ളി- കുന്നുംപുറം റോഡ്
8. മരോട്ടിക്കുളം - പുതക്കുളം നടപ്പാത
9. കുടത്തിൽ- വലിയകുളം റോഡ്
10. ലൗലി ലാൻഡ്- പൊടിപ്പാറ റൂട്ടിൽ ഹാൻസ് റെയിൽ
11. വിവിധ റോഡുകളിൽ പോസ്റ്റ് സ്ഥാപിച്ച ഇലക്ട്രിക് ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.
12. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പണി ആയുധങ്ങൾ, കൈയുറ എന്നിവ നൽകുക.

## വാർഡ് 11

1. ഇലക്ട്രിക് ലൈൻ വലിക്കാത്തിടത്ത് പോസ്റ്റ് ഇട്ട് ലൈൻ വലിക്കണം.
2. ജലജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചിട്ട റോഡുകൾ കോൺക്രീറ്റ് ചെയ്യുക.
3. റെയിൽവേയുടെ പടിഞ്ഞാറൻ പ്രദേശം (ചിറവമുട്ടം)250 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്ത് ജലജീവൻ പൈപ്പ് ലൈൻ സ്ഥാപിക്കണം.
4. ഇളങ്കാവ് പ്രദേശം കവുണ്ണുതറ ഭാഗം, കുന്നേപറമ്പ് ഭാഗം, അമ്പാട്ട് ഭാഗം തുടങ്ങിയ പ്രദേശത്തും ജലജീവൻ പൈപ്പ് ലൈൻ വലിയ്ക്കണം.
5. നങ്ങ്യാകരി പാടശേഖരത്തിനും നുറുപറ പാടശേഖരത്തിനും പെട്ടി, മോട്ടോർ ആവശ്യപ്പെട്ടിട്ടുണ്ട്.
6. മന്നത്തു കടവ് പാടശേഖരത്തിന് ഇരുവശവും ഉള്ള റോഡിന് സംരക്ഷണഭിത്തി

കെട്ടണം

7. എൻ.ആർ.ഇ.ജി.എസ്.ൽ ഉൾപ്പെടുത്തി പാടശേഖരണത്തിന് സമീപമുള്ള തോടുകളിലെ പോള കൃഷി ആരംഭിക്കുന്നതിന് മുമ്പ് നീക്കം ചെയ്യണം.
8. ചിറവംമുട്ടം ക്ഷേത്രക്കുളം എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ആഴം കൂട്ടി സൈഡ് കെട്ടുന്നതിനുവേണ്ടി പൊളിച്ചിട്ടിരിക്കുന്നത് എത്രയും വേഗം പൂർത്തീകരിക്കണം.
9. വാഴപ്പള്ളി പഞ്ചായത്തും, കുറിച്ചി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇളങ്കാവ് ക്ഷേത്രത്തിന് സമീപം റോഡ് വരുന്നതുകൊണ്ട് കൂടുതൽ യാത്ര സൗകര്യമുണ്ടാകുന്നതിന് ഉള്ള തീരുമാനം.
10. കുന്നേപറമ്പ് റോഡിന്റെ അടുത്ത റീച്ച് പണി തുടങ്ങണം.
11. ഇളങ്കാവ് വാര്യം പ്ലാവിള റോഡ്
12. തട്ടാട്ട് ലതാ ഭവനം റോഡ്
13. തട്ടാട്ട് മണ്ണ് കുന്നേൽ റോഡ്
14. ഗിരിജാ ഭവൻ ബീനാ ഭവൻ റോഡ്
15. 161-ാംനമ്പർ അംഗനവാടിയിൽ കുട്ടികൾ കൂടുതലായി പഠിക്കുന്നു. അവർക്ക് കളിക്കുന്ന തിനും മറ്റു സൗകര്യങ്ങൾക്കും സ്ഥലം പരിമിതികൾ ഉണ്ട്. ആയതിനാൽ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ പില്ലർ വാർത്ത് ഒരു ഹാൾ ഉണ്ടാക്കണം.
16. കല്ലുകടവ് പമ്പ് ഹൗസ് റോഡ്
17. വെള്ളാപ്പള്ളി ചിറവമുട്ടം റോഡ്
18. മഠം കാലായിൽ റോഡ്
19. അമ്പാടി റെയിൽവേ റോഡ്
20. രോഹിണി ആശാട് റോഡ്
21. ആക്കാട്ട് കിഴക്കേത്ത് റോഡ്
22. കുന്നേലിക്കൽ കുന്നേൽ പുതുപ്പറമ്പ് റോഡ്
23. ജനറൽ വിഭാഗത്തിന് വീട് മെയിന്റനൻസിന് 50,000ത്തിൽ നിന്നും ഒരു ലക്ഷം ആക്കുക
24. മുത്തേടത്ത് ജി.എസ് നിവാസ് റോഡ്
25. തയ്യിൽറോഡ്
26. കോയിപ്പുറം ടു കുന്നേപറമ്പ് പൊക്കം
27. കണ്ടമംഗലം പൗവത്തിൽ റോഡ്
28. പനതാനം ഇളങ്കാവ് റോഡ്
29. കാലായിൽ അമ്പലക്കോടി റോഡ്
30. മന്നത്തുകടവ് റോഡ്
31. ഐക്കര റോഡ്

## വാർഡ് 12

1. വാർഡിൽ മലകുന്നം കേന്ദ്രീകരിച്ച് ഗ്രാമ കേന്ദ്രം സ്ഥാപിക്കണം.
2. മലകുന്നത്ത് ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ച് പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കണം.
3. വാതിൽപ്പടി സേവനം വോളണ്ടിയർമാരെ ഉപയോഗപ്പെടുത്തി സജീവമാക്കുക.
4. കര കൃഷിക്ക് പ്രോത്സാഹനം നൽകുക.
5. വാർഡിലെ തരിശ് കിടക്കുന്ന ഭൂമി, ഉടമകളുടെ അനുവാദത്തോടെ പാട്ടകൃഷി ചെയ്യുന്ന സംഘടനകൾക്ക് പാട്ടത്തിന് നൽകി കൃഷി ഇറക്കുവാൻ പഞ്ചായത്ത് ഇടപെടണം.

6. ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുക.
7. മൃഗാശുപത്രിയുടെ സേവനം മുഴുവൻ വാർഡുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തണം.
8. മൃഗാശുപത്രിയിൽ മുഴുവൻ സമയത്തും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുക.
9. കന്നുകാലി ഇൻഷുറൻസിന് സബ്സിഡി നൽകുക.
10. കോളനി പ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറാക്കുക.
11. ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് പ്രത്യേകം പരിഗണന നൽകുക.
12. ലൈഫ് ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുകയും പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയും ചെയ്യുക.
13. ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുക.
14. ജനകീയ ഭക്ഷണശാല വഴി അഗതികളുടെ ഭക്ഷണം സൗജന്യമായി നൽകുക. ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു നൽകുക.
15. വയോജനങ്ങൾക്ക് പകൽവീട് നിർമ്മിക്കുക.
16. മാത്താൻകുന്ന് 162 -ാം നമ്പർ അംഗനവാടി കെട്ടിടം അടിയന്തരമായി പണിയുക.
17. അംഗനവാടികളിൽ കുടിവെള്ളസൗകര്യം ഉറപ്പാക്കുക.
18. പട്ടികജാതി കുടുംബങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുക. കുടിവെള്ളം,കക്കൂസ്, ഭവന നിർമ്മാണം, മെയിന്റനൻസ് പ്രത്യേകം പദ്ധതികൾക്കും.
19. ചാലച്ചിറ സബ് സെന്ററിൽ ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഉറപ്പാക്കുക.
20. ജീവിതശൈലി രോഗനിർണയ ക്യാമ്പും മരുന്നു വിതരണവും കൃത്യമായി നടത്തുക.
21. പാലിയേറ്റീവ് രോഗികളുടെ മരുന്നും, ഭക്ഷണവും ഉറപ്പാക്കുക.
22. ക്യാൻസർ, വൃക്ക രോഗികളുടെ ചികിത്സാസഹായം നൽകുക.
23. ജീബിൻ റിംഗ് കമ്പോസ്റ്റ് എണ്ണം വർദ്ധിപ്പിക്കണം.
24. കോഴിക്കൂട് നിർമ്മാണം പദ്ധതി വയ്ക്കുക.
25. മാലിന്യ നിക്ഷേപം ഉള്ള പ്രദേശങ്ങളിൽ അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക.
26. പൊടിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുക.
27. ജല്ജീവൻ മിഷൻ കണക്ഷൻ എല്ലാ വീടുകളിലും നൽകുക.
28. അപകടകരമായ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുക.
29. മലകുന്നം കോയിപ്പുറം ജംഗ്ഷൻ പൊടിപ്പാറ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

## വാർഡ് 13

1. വഴി ലൈറ്റുകൾ തെളിക്കുക.
2. ജലജീവൻ പദ്ധതിയിൽ റോഡുകൾ പൊളിച്ചു വളരെ മോശമായ രീതിയിൽ ഇട്ടിരിക്കുന്നു. വണ്ടികൾ മറിയുന്നു. കാൽ നടക്കാർ വീഴുന്നു. എത്രയും പെട്ടന്ന് അതിനൊരു പരിഹാരം കണ്ട് തരുക.
3. എത്രയും പെട്ടെന്ന് ജലജീവൻ പദ്ധതി നടപ്പിലാക്കുക.
4. വാഴയിൽ പ്രദേശത്ത് റോഡുകൾ കോൺക്രീറ്റ് ചെയ്യുക.
5. ആനക്കുഴിക്കുളം ജനങ്ങൾക്ക് പ്രയോജനം ആകും വിധം നടപ്പിലാക്കുക.
6. തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക.
7. വഴിക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

8. ഫ്രഷ് റോഡുകൾ കോൺക്രീറ്റ് ചെയ്യുക.
9. ശിവൻ പടി ആനക്കുഴി റോഡ് എത്രയും പെട്ടെന്ന് കോൺക്രീറ്റ് ചെയ്യുക.
10. കണ്ണന്തറ മില്ല് മുക്കാടൻ ചാലയിൽ റോഡ് എത്രയും പെട്ടെന്ന് കോൺക്രീറ്റ് ചെയ്യുക.
11. കണ്ണന്തറ മില്ല് ഭാഗം ക്യാമറ സ്ഥാപിക്കുക.
12. ആനക്കുഴി ഗ്ലാസ് കമ്പനി പ്രദേശം ക്യാമറ സ്ഥാപിക്കുക
13. ചാലച്ചിറ പൊടിപ്പാറ പമ്പ് ഹൗസ് റോഡിൽ ക്യാമറ സ്ഥാപിക്കുക.
14. ആനക്കുഴി എരുമച്ചാടം കണ്ണന്തറ തോടിന്റെ ഒരു വശംകെട്ടി റോഡ് സംരക്ഷിക്കുക.
15. കുരിശടി ആനക്കുഴി റോഡിന്റെ സൈഡ് കെട്ടി റോഡിന് സംരക്ഷണം നൽകുക.
16. പോസ്റ്റിട്ട സ്ട്രീറ്റ് ലൈൻ വലിച്ചു പൂർത്തീകരിക്കാനുള്ള നടപടികൾ ചെയ്യുക
17. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് തോടിന്റെ സൈഡ് കെട്ടി ആനക്കുഴി എരുമച്ചാട് കണ്ണന്തറ റോഡിന്റെ സംരക്ഷണം നൽകുക.
18. പാവ്വത്തിൽ കുരിശുംമൂട് റോഡ് കോൺക്രീറ്റ്.
19. ശിവൻപടി ആനക്കുഴി റോഡ് കോൺക്രീറ്റ്.
20. കുരിശടി ആനക്കുഴി റോഡ് ടാറിംഗ്
21. മുക്കാടൻ വാഴയിൽ റോഡ് കോൺക്രീറ്റ്.
22. ആനക്കുഴി ബാങ്ക്പടി റോഡ് കോൺക്രീറ്റ്.
23. ശിവൻപടി കണ്ണന്തറ മില്ല് റോഡ് കോൺക്രീറ്റ്.
24. കണ്ണന്തറമില്ല് മുക്കാടൻ ചാലയിൽ റോഡ് കോൺക്രീറ്റ്.
25. തൈപ്പറമ്പ് പൊടിപ്പാറ റോഡ് കോൺക്രീറ്റ്.
26. മാവേലിപ്പറമ്പ് പതാരംചിറ റോഡ് കോൺക്രീറ്റ്.
27. പൊടിപ്പാറ പമ്പ് ഹൗസ് റോഡ് കോൺക്രീറ്റ്.
28. എസ്.ഡി. കോൺവെന്റ് റോഡ് കോൺക്രീറ്റ്.
29. ആനക്കുഴി എരുമച്ചാടം കണ്ണന്തറ റോഡ് സൈഡ് കെട്ടി കോൺക്രീറ്റ് ചെയ്യുക.

### വാർഡ് 14

1. ക്ഷീരകർഷകർക്ക് കിടാവിന് നൽകുന്ന പദ്ധതി നടപ്പിലാക്കുക.
2. എസ്. സി വിഭാഗങ്ങളുടെ പുരയിടത്തിന് സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
3. എസ്.സി. വനിതകൾക്ക് സ്വയം തൊഴിൽ നല്കുന്ന പദ്ധതി നടപ്പിലാക്കുക.
4. ജലജീവൻ മിഷൻ പൈപ്പ ലൈൻ സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.
5. ജലജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകൾ റീവർക്ക് ചെയ്യുക.
6. മില്ല് കവല ചെമ്പുചിറ റോഡ് റീടാർ ചെയ്യുക
7. ഉപയോഗശൂന്യമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി ഇടുക.
8. നാട്ടുവായ്ക്കൽ തോടിന് മുകളിൽ സ്ലാബ് ഇട്ട് സഞ്ചാരയോഗ്യമാക്കുക.
9. ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുക.
10. കാലിത്തീറ്റയ്ക്ക് വിലനിയന്ത്രണം ഏർപ്പെടുത്തുക.
11. കാലിത്തീറ്റ ഗുണനിലവാരം പരിശോധിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
12. എല്ലാ ക്ഷീരകർഷകരെയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 100

ദിനവേതനം വർഷത്തിൽ നല്കുക.

13. പഞ്ചായത്ത് തലത്തിൽ വെറ്റിനറി ലാബ് സ്ഥാപിക്കുക.
14. ക്ഷീരകൃഷി പ്രധാന കൃഷിയായി പ്രഖ്യാപിക്കുക.
15. പാൽ സംഭരണം മിൽമ നേരിട്ട് നടത്തുക. ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ഉറപ്പു വരുത്തുക.
16. എസ്.സി. അംഗങ്ങൾ കൂടുതലുള്ള വാർഡുകളിൽ എസ്.സി. ആനുകൂല്യങ്ങൾ കൂടുതൽ അനുവദിക്കുക.

## വാർഡ് 15

1. വില്ലേജ് കോളനി റോഡ്
2. പനക്കളം തുരുത്താമഠം
3. ചാണ്ടിച്ചേരി വാഴത്തോട്ടം റോഡ്
4. അംഗനവാടി - പുലിക്കുഴി റോഡ്
5. പുലിക്കുഴി- ലീലാമ്മ വാലടി തറയുടെ വീട്ടിലേക്ക് പോകുന്ന വഴി കോൺക്രീറ്റിംഗ്
6. പുഷ്പമംഗലം- പൊന്നപ്പൻ - പൊക്കം വഴി കോൺക്രീറ്റിംഗ്
7. 148-ാം നമ്പർ അംഗൻവാടി റോഡ്
8. ഡോ. കറിയാച്ചൻ - കളപ്പുരക്കൽ റോഡ്
9. ഹൗസ് നമ്പർ 21, 25 എന്നീ വീടിന്റെ മുൻവശത്തെ വെള്ളക്കെട്ട് ഒഴിവാക്കി റോഡ് റീ കോൺക്രീറ്റിംഗ്.
10. പാലിന് സബ്സിഡി കൂട്ടുക.
11. കൂടുതൽ ടോയ്‌ലറ്റുകൾ അനുവദിക്കുക.
12. അഗതി- ആശ്രയ ലിസ്റ്റിൽ പുതിയ അംഗങ്ങളെ ചേർക്കുക
13. വനിതകൾക്ക് മുട്ടക്കോഴി, ആട്, പശു എന്നിവ ലഭ്യമാക്കുക
14. വാട്ടർ ടാങ്ക്
15. കോളനി പൊതുകിണർ മെയിന്റനൻസ് ചെയ്യുക.
16. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
17. വനിതകൾക്ക് സൗജന്യ ഡ്രൈവിംഗ് പരിശീലനം
18. പുലിക്കുഴി കുളം നവീകരിച്ച് മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക
19. പനക്കളം കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക
20. പനക്കളം- തുരുത്താ മഠം റോഡിന്റെ 50 മീറ്ററോളം ഫ്രഷ് വർക്ക് ചെയ്യുക
21. ചാണ്ടിച്ചേരി വാഴത്തോട്ടം റോഡ് സഞ്ചാരയോഗ്യമാക്കുക

## വാർഡ് 16

1. ജലജീവൻ മിഷന് വേണ്ടി വെട്ടിപൊളിച്ച റോഡുകൾ അടിയന്തിരമായി കോൺക്രീറ്റ് ചെയ്യുക.
2. ചാണകക്കുഴി -ചകിരി റോഡ് സൈഡ് കരിങ്കല്ല് കെട്ടി മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുക.
3. ജലജീവൻ മിഷൻ വഴി പൈപ്പ് കണക്ഷൻ കിട്ടാത്ത മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകുക.
4. സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുക.
5. വഴിയുടെ ഇരുവശവും ഉള്ള കാടുകൾ വെട്ടിത്തെളിക്കുക.

6. സ്വകാര്യ വ്യക്തികളുടെ കാടു കയറിയ പുരയിടങ്ങൾ അവരെ കൊണ്ട് തന്നെ വൃത്തി ആക്കിക്കുക.
7. മലകുന്നം -ആനക്കുഴി റോഡ് റീ കോൺക്രീറ്റ് ചെയ്യുക.

## വാർഡ് 17

1. വട്ടഞ്ചിറ മറ്റം- വഞ്ചിപ്പുര താഴെ ഈ പ്രദേശങ്ങളിൽ ബാക്കിയുള്ള സ്ഥലത്ത് സ്ഥലത്ത് സ്ട്രീറ്റ് ലൈൻ വലിച്ച് വഴി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. കുട്ടൻചിറ മറ്റം വട്ടംഞ്ചിറ മറ്റം പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
3. ഔട്ട് പോസ്റ്റ് അട്ടച്ചിറ ലക്ഷംവീട് പ്രദേശത്തെ പൊതു സ്ഥലം നവീകരണം
4. എണ്ണയ്ക്കാച്ചിറ ചീപ്പിൽ നിന്നും അതിശക്തമായി വരുന്ന വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുക.
5. വട്ടംഞ്ചിറമറ്റം പ്രദേശത്ത് താമസിക്കുന്ന 25 ഓളം കുടുംബങ്ങൾക്ക് നിലവിൽ വഴിയില്ലാത്ത അവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം
6. തെക്കേപ്പുറമ്പ് വാഴപ്പുറമ്പ് റോഡ് കോൺക്രീറ്റ്
7. കാലായിപ്പടി – ചിറ്റേറ്റുകളം റോഡ് കോൺക്രീറ്റ്
8. ഔട്ട്പോസ്റ്റ് സ്റ്റേഡിയം റോഡ് കോൺക്രീറ്റ്
9. കളപ്പുരയ്ക്കൽ പനക്കളം റോഡ് കോൺക്രീറ്റ്
10. ശങ്കരപുരം നേര്യത്തറ റോഡ് കോൺക്രീറ്റ്
11. പുലിക്കുഴി മറ്റം - മറ്റം റോഡ് കോൺക്രീറ്റ്
12. കൊച്ചുപറമ്പ് വഞ്ചിപ്പുര റോഡ് കോൺക്രീറ്റ്

## വാർഡ് 18

1. ജലജീവൻ കണക്ഷൻ വാർഡിൽ എല്ലാ ഭാഗത്തും എത്തിക്കുക.
2. ജലജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ച് റോഡുകൾ അടിയന്തരമായി കോൺക്രീറ്റ് ചെയ്യുക
3. 147 -ാംനമ്പർ അംഗൻവാടിക്ക് ചുറ്റുമതിൽ ഫണ്ട് അനുവദിക്കുക.
4. സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഭാഗത്ത് ലൈൻ വലിച്ച് വഴിവിളക്കുകൾ കത്തിക്കുക
5. മാലിന്യം നിക്ഷേപിക്കുന്ന പ്രദേശങ്ങളിൽ അടിയന്തരമായി ബോർഡ് സ്ഥാപിക്കുക.
6. ചെറുവേലിപ്പടി കാരിക്കോട്ട് വാല റോഡ് റീ കോൺക്രീറ്റ് ചെയ്യുക
7. കൊച്ചുപുരയ്ക്കൽ ചേരിയിൽ കുന്നുംപുറം റോഡ് റീകോൺക്രീറ്റ് ചെയ്യുക
8. ചിറക്കടവ് റോഡ് റീ കോൺക്രീറ്റ് ചെയ്യുക.
9. പെനിയേൽ ചർച്ച് റോഡ് കോൺക്രീറ്റ്
10. പുതുമന കാരിക്കോട് റോഡ് കോൺക്രീറ്റ്
11. കുളത്തുങ്കൽ കാരിയിൽ റോഡ് കോൺക്രീറ്റ്
12. അഞ്ചലക്കുറ്റി കലുങ്ക് റോഡ് കോൺക്രീറ്റ്
13. എം. സി റോഡ്റെയിൽവേ ലൈൻ കോൺക്രീറ്റ്
14. അറക്കൽ റോഡ് കോൺക്രീറ്റ്
15. എംസി റോഡ് മരങ്ങാട്ട് റോഡ് കോൺക്രീറ്റ്
16. നെടുവേലിൽ പുത്തൻപുര റോഡ്കോൺക്രീറ്റ്

17. ഇടവിള കൃഷി, ഗ്രോബാഗ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തുക

## വാർഡ് 19

1. മാലിന്യ പ്ലാന്റ് നിർമ്മിക്കുക.
2. ഔട്ട്പോസ്റ്റ് നടപ്പുറം റോഡിന്റെ ബണ്ടുകൾ കെട്ടുക. തോടിന്റെ ആഴം കൂട്ടുക.
3. കാരിക്കൊട്ട് പാലം ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുക.
4. ജലജീവൻ പദ്ധതിയുടെ പൈപ്പിന്റെ കമ്പ്ലയിന്റ് തീർക്കുക. വഴി കോൺക്രീറ്റ് ചെയ്യുക.
5. ജലജീവൻ പദ്ധതിയുടെ കണക്ഷൻ 19-ാം വാർഡിലുള്ള എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. ആര്യാട്ടുകുന്ന് ചേരിയിൽ റോഡ് കോൺക്രീറ്റ് ചെയ്യുക.
7. ഔട്ട്പോസ്റ്റ് കൈനടി റോഡിൽ ഉള്ള കുളം വൃത്തിയാക്കി നീന്തൽ കുളത്തിനുള്ള സൗകര്യം ഉണ്ടാക്കുക.
8. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വീട് മെയിന്റനൻസിന്റെ എണ്ണം വർദ്ധിപ്പിക്കുക. കൂടാതെ അതിന്റെ വിഹിതം വർദ്ധിപ്പിക്കുക.

## വാർഡ് 20

1. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലേ ഗ്രൗണ്ട് ശരിയാക്കുക
2. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ പടിഞ്ഞാറുവശത്ത് സംരക്ഷണഭിത്തി കെട്ടി കോമ്പൗണ്ട് വാൾ കെട്ടുക.
3. ടി സ്കൂളിൽ വെള്ളമുണ്ട് പക്ഷേ കുടിവെള്ളം ഇല്ല അത് പരിഹരിക്കുക.
4. സ്ട്രീറ്റ് ലൈറ്റുകൾ എത്രയും പെട്ടെന്ന് ഇടുക.
5. മീശമുക്ക് വാഴൂത്തറ റോഡ് മാലിന്യങ്ങൾ ഒഴുകിയെത്തി ഓട ബ്ലോക്ക് ആകുന്നു അത് ക്ലീൻ ചെയ്യുക.
6. വ്യക്തികൾക്കുള്ള വീട് മെയിന്റനൻസിന്റെ എണ്ണം കൂട്ടുക.
7. വാഴൂത്ര മണലൂർ റോഡ് കോൺക്രീറ്റ് ചെയ്യുക. ഈ റോഡിൽ ഒരു സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
8. കാവിതാഴ പുഴിക്കുന്നേൽ റോഡിൽ ഒരു പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടുക.
9. വ്യക്തികൾക്കുള്ള റിംഗ് കമ്പോസ്റ്റിന്റെ എണ്ണം വർദ്ധിപ്പിക്കുക.

# വികസന സെമിനാർ നിർദ്ദേശങ്ങൾ

## പൊതുഭരണവും, ധനകാര്യവും.

- ഹെറിറ്റേജ് ടൂറിസം വഴിയരികിലെ വേസ്റ്റ് നിക്ഷേപം തടയുക. നാല്യാണിക്കാറ്റ് മാതൃകയിൽ സൗകര്യങ്ങൾ ഒരുക്കുക.
- പൗരാവകാശരേഖ കാലികമാക്കൽ.
- അനധികൃത കെട്ടിടങ്ങൾക്ക് അധികനികുതി ഏർപ്പെടുത്തുക.
- വാതിൽപ്പടി സേവനം
- പഞ്ചായത്ത് ഓഫീസിൽ നിരീക്ഷണ ക്യാമറ
- ഗ്രാമകേന്ദ്രം സ്ഥാപിക്കുക.
- ആമ്പൽ പാടങ്ങൾ സജീവമാക്കുക.
- അനധികൃത നിർമ്മാണങ്ങൾക്കെതിരെനടപടി

## കൃഷി

- കക്കുഴി - കാരിക്കുഴി - ആലപ്പാട്ടുചാൽ - മണ്ണുങ്കര തോടിന് ആഴം കൂട്ടുക.
- പറമ്പടി മോട്ടോർ തറ പുതിയതായി നിർമ്മിക്കണം.
- കക്കുഴി പറമ്പടി വാച്ചാൽ തോട് തെളിക്കണം.
- കക്കുഴി വാച്ചാലിന്റെ ഇരുവശവും കല്ലുകെട്ടി ഉറപ്പാക്കണം.
- മങ്കുഴി മറ്റത്തിൽതാഴെ പാടശേഖരത്തിന് മോട്ടോർ തറ അനുവദിക്കുക.
- വാണിയങ്കരി പാടശേഖരത്തിന് ബണ്ട് ഉയർത്തുക.
- തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി പച്ചക്കറി കൃഷിക്ക് ആനുകൂല്യം കൊടുക്കുക.
- കൂൺ കൃഷിക്ക് ട്രെയിനിംഗ് പദ്ധതി നടപ്പിലാക്കുക.
- അഞ്ചലശ്ശേരി, പാട്ടാശ്ശേരി, മണ്ണുങ്കര, കരിവട്ടം, മുക്കാട്ടു വാക്ക ബണ്ട് കെട്ടണം

## പ്രാദേശിക സാമ്പത്തിക വികസനം

- ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.
- ലേബർ ഗ്രൂപ്പുകൾ രൂപീകരിക്കുക
- കൃഷി ജോലി പെയിന്റിംഗ് വെൽഡിങ് ഇലക്ട്രീഷ്യൻ കൺസ്ട്രക്ഷൻ
- ആശുപത്രിയിൽ നിൽക്കാനുള്ള ബൈസ്റ്റാൻഡേഴ്സ്
- വിവിധ തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കുക

## സാമൂഹ്യ നീതി

- ആകർഷണീയമായ കളിപ്പാട്ടങ്ങൾ വിതരണം ചെയ്യുക
- രജിസ്റ്റർ സൂക്ഷിക്കാനുള്ള അലമാരകൾ വിതരണം ചെയ്യുക
- വൃദ്ധജനങ്ങൾക്ക് (ആരോരുമില്ലാത്തത്) ആഹാരം വെള്ളം സംരക്ഷണം ഇവ നടപ്പിലാക്കുക.
- ഭിന്നശേഷിക്കുട്ടികളുടെ സ്കൂൾ എത്രയും പെട്ടെന്ന് പ്രവർത്തനസജ്ജമാക്കുക

## വനിതാ വികസനം

- അങ്കണവാടികളുടെ കറന്റ് ബിൽ പഞ്ചായത്ത് നേരിട്ട് അടയ്ക്കണം.
- സി നമ്പർ.161 ന്റെ കെട്ടിടം തൂണുകെട്ടി വാർക്കണം. വഴി കോൺക്രീറ്റ് ചെയ്യണം. ഫാൻ വേണം.
- 160-ാംനമ്പർ അംഗനവാടിക്ക് കറന്റ് കണക്ഷൻ വേണം.
- 52-ാം കെട്ടിടം പൊളിച്ചു പണിയണം.
- 145-ാംനമ്പർ അംഗണവാടിക്ക് ടോയ് ലറ്റ് സെറ്റ് വേണം.

- കൗമാര പെൺകുട്ടികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം (സൗജന്യം)
- അംഗണവാടി വർക്കേഴ്സിന് പരിശീലന പദ്ധതി എസ്.എസ്.എ വഴി നടപ്പിലാക്കി വരുന്നു. ഇതിനായി കുരുന്നില പുസ്തക പാക്കേജ് അംഗണവാടികളിലേക്ക് നൽകുവാൻ പ്രോജക്ട് നിർദ്ദേശം കൊടുക്കണം.31 അംഗണവാടികളിൽ 7 അങ്കണവാടിക്ക് പുസ്തകം നൽകിയിട്ടുണ്ട്. ബാക്കി 24 അംഗനവാടികൾക്ക് നൽകണം. ഒരു പുസ്തക പാക്കേജിന് 1800/രൂപ നിരക്കിൽ 50000/രൂപ പ്രോജക്ടിനായി കരുതണം.
- 157-ാം നമ്പർ അംഗണവാടി പൊളിച്ചു പണിയണം
- 143 -ാംനമ്പർ അംഗണവാടിക്ക് ഗ്രിൽ, വെയ്സ്റ്റ് കുഴി
- 166-ാംനമ്പർ അംഗണവാടിക്ക് സ്ഥലവും, കെട്ടിടവും
- 167-ാംനമ്പർ അംഗണവാടിക്ക് ബെഞ്ച്, ഡസ്ക്
- 163-ാംനമ്പർ അംഗണവാടിക്ക് മെയിന്റനൻസ് വേണം
- 149-ാംനമ്പർ അംഗണവാടിക്ക് മെയിന്റനൻസ് വേണം
- വനിതകൾക്ക് കംപ്യൂട്ടർ പരിശീലനവും, ഡ്രൈവിംഗ് പരിശീലനവും (സൌജന്യം)
- സി.ഡി.എസ് ഓഫീസിൽ 2 ഫാൻ, 1 ക്ലോക്ക് വേണം

### വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം

- ST. JOHNS G.L.P.S സ്കൂൾ കെട്ടിടത്തിന്റെ റൂഫിംങ്, പാചകപ്പുര അറ്റകുറ്റപ്പണി, ക്ലാസ്സ് റൂം ഇലക്ട്രിഫിക്കേഷൻ
- G.L.P.S Ithithanam ഡൈനിംഗ് ഹാൾ
- സ്കൂൾ പരിസരം വൃത്തിയാക്കൽ (വർഷത്തിൽ 3 തവണ)

## അദ്ധ്യായം 7

# പ്രത്യേക പദ്ധതികൾ, പരിപാടികൾ

കുറിച്ചി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പകുതിയിൽ താഴെ കുടുംബങ്ങൾ വിവിധ കോളനികളിലായി താമസിക്കുന്നു, ഇവരുടെ പുനരധിവാസത്തിനായി സംസ്ഥാനത്ത് തന്നെ ആദ്യമായി ഒരു പട്ടികജാതി കോളനി ആരംഭിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഇവരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

### വനിതാ ഘടകപദ്ധതി

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതാണ് വനിതാഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, സമൂഹത്തിലുണ്ടാകുന്ന സ്ത്രീ വിരുദ്ധമായ പ്രവർത്തനങ്ങളെയും ചിന്തകളെയും മറ്റും ഇല്ലാതാക്കുക. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. സ്ത്രീകൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക. പൊതുസ്ഥലങ്ങളിൽ ഷീ ടോയ്ലറ്റ്, ഫീഡിംഗ് റൂം എന്നിവ സ്ഥാപിക്കൽ. സ്ത്രീകൾക്കും, കുട്ടികൾക്കും കലാകായിക മത്സരങ്ങൾ നടത്തുക. ജീവിതശൈലി രോഗങ്ങൾ കുറച്ചു കൊണ്ട് വരുന്നതിനുള്ള പദ്ധതികൾ മാനസികാരോഗ്യം നിലനിർത്തുന്നതിനുള്ള പദ്ധതികൾ, സ്ത്രീ സാക്ഷരത ഉയർത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിക്കേണ്ടതാണ്.

### ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി

സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താൻ കഴിയാത്ത അതിദരിദ്രരായ ജനവിഭാഗത്തെ കണ്ടെത്തി അവരുടെ അടിസ്ഥാന അതിജീവന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം, അടിസ്ഥാന വരുമാനം എന്നിവ ലഭിക്കുന്നതിന് അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. ദരിദ്ര വിഭാഗത്തിലുള്ളവർക്ക് പുതിയ ഭവനങ്ങൾ, വീടുകൾ വാസയോഗ്യമാക്കൽ, കിണർ നിർമ്മാണം, കക്കൂസ് നിർമ്മാണം, സൗജന്യ ഭക്ഷണം എന്നീ അടിസ്ഥാന ആവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ, ആട്, പശു, കോഴി എന്നിവ വളർത്തുന്നതിനുള്ള പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം തുടച്ചു നീക്കുന്നതിന് സഹായിക്കും. അവശത അനുഭവിക്കുന്ന വ്യക്തികളെ കണ്ടെത്തി അവർക്ക് ആവശ്യമായ അനിവാര്യ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിന് വാതിൽപ്പടി സേവനവും നടപ്പിലാക്കിയിട്ടുണ്ട്.

### ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതികൾ

കുട്ടികൾക്കായി പദ്ധതി ആവിഷ്കരിക്കുമ്പോൾ പ്രധാനമായും അവരുടെ സമഗ്ര വികസനം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം എന്നീ അടിസ്ഥാന ആവശ്യങ്ങൾ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ്. കുട്ടികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക. കുട്ടികളുടെ ആരോഗ്യ

സംരക്ഷണത്തിനുള്ള പദ്ധതികൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ പദ്ധതികൾ എന്നിവ നടപ്പിലാക്കേണ്ടതാണ്.

ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ വികസന പരിപാടികളും ഏറ്റെടുക്കേണ്ടതുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷി സൗഹൃദ കെട്ടിടങ്ങൾ, ഭിന്നശേഷിക്കാർക്ക് കലാകായിക മത്സരങ്ങൾ എന്നിവ നടപ്പിൽ വരുത്തുന്നതാണ്. ഇവർക്കായി ബഡ്സ് സ്കൂൾ നടപ്പിൽ വരുത്താവുന്നതാണ്.

വയോജനങ്ങൾ സാന്ത്വന പരിചരണത്തിന് പാലിയേറ്റീവ് കെയർ പദ്ധതികളും വൃദ്ധർക്ക് കട്ടി വിതരണവും നടത്തി വരുന്നു. വയോജനങ്ങൾക്ക് പകൽ സമയത്ത് വിശ്രമ വിനോദ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് പകൽ വീടുകൾ നടപ്പിൽ വരുത്തുന്നതാണ്.

### സദ്ഭരണ പദ്ധതി

കുറിച്ചി ഗ്രാമ പഞ്ചായത്ത് സദ്ഭരണ പഞ്ചായത്തായി 17/18 വർഷം ബഹു തദ്ദേശ ഭരണ വകുപ്പ് മന്ത്രി അവർകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായും സുതാര്യമായും കാര്യക്ഷമമായും സേവനങ്ങൾ നൽകുന്നതിനായി സദ്ഭരണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ നടപ്പിലാക്കുന്നു. സദ്ഭരണ തത്വങ്ങൾക്ക് പുറമേ പൗരാവകാശ രേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം മുതലായവ കൂടി പരിഗണിച്ചുകൊണ്ടാണ് സദ്ഭരണ പദ്ധതി തയ്യാറാക്കിയിരിക്കുന്നത് .

## അദ്ധ്യായം 8

## വായ്പാ ബന്ധങ്ങൾ

വായ്പ ബന്ധിത പ്രോജക്റ്റുകളിൽ ബാക്ക് എൻഡഡ് സബ്സിഡി നൽകുന്നരീതി അവലംബിക്കണം. കുടുംബശ്രീ, സംഘകൃഷി ഗ്രൂപ്പുകൾ മുഖേന ബാങ്ക് വായ്പ ബന്ധപ്പെടുത്തിയിട്ടുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം ഗ്രൂപ്പുകൾക്ക് വിത്ത്, ജൈവ വളം എന്നിവ നൽകുന്നതിനും വിപണന സൗകര്യം ഒരുക്കുന്നതിനും പ്രോജക്റ്റുകൾ ഉൾപ്പെടുത്താവുന്നതാണ്.

എല്ലാ തൊഴിൽ സംരംഭക പ്രോജക്റ്റുകളും വായ്പാബന്ധിത പ്രോജക്റ്റുകളായി ആവിഷ്കരിക്കണം. വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനും വിപണന സൗകര്യം ഒരുക്കുന്നതിനും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് വ്യക്തികൾക്ക് സബ്സിഡി നൽകുന്നതിനും കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി വായ്പ സംവിധാനം വിനിയോഗിക്കാവുന്നതാണ്. കൂടാതെ സർക്കാരിന്റെ പൈലറ്റ് പദ്ധതിയായ ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനും വായ്പ ബന്ധിത പ്രോജക്റ്റായി ഏറ്റെടുക്കേണ്ടതാണ്.

## അദ്ധ്യായം 9

## സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും

ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിന് വേണ്ടി ലഭ്യമാക്കാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും പണമോ, സേവനമോ, സാങ്കേതിക വിദ്യയോ, ഭൂമി ഉൾപ്പെടെയുള്ള മറ്റ് വിഭവങ്ങളോ, ലക്ഷ്യ പൂർത്തീകരണത്തിനു വേണ്ടി ആവശ്യത്തിനനുസരിച്ച് ഒന്നിച്ചു ചേർക്കുന്ന പ്രക്രിയയാണ് സംയോജനം. പ്രകൃതി വിഭവ, പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യവികസനം, ഭവന നിർമ്മാണം , ശുചിത്വ പരിപാലനം , മാലിന്യ സംസ്കരണം, സൂക്ഷ്മ സംരംഭ വികസനം, വിപണനം, ഗ്രാമീണ അടിസ്ഥാന വികസനം മുതലായ വിവിധ മേഖലകളിൽ തൊഴിലുറപ്പ്, കുടുംബശ്രീ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ ഫണ്ട് ലഭ്യമാക്കേണ്ട പ്രോജക്ടുകളി ജില്ലാ, ബ്ലോക്ക്, പഞ്ചായത്തുകളുമായി ചേർന്ന് പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്.

## അദ്ധ്യായം 10

## മോണിട്ടറിംഗ്

പദ്ധതി വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടത് പദ്ധതി വിജയകരമായ പൂർത്തീകരണത്തിന് അത്യന്താപേക്ഷിതമാണ്. പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മറ്റി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

# 2024-25 രൂപീകരിച്ചിട്ടുള്ള പദ്ധതികൾ